## എന്തുകൊണ്ട് സാമ്പത്തിക സംവരണം?

ഭരണഘടനയുടെ മൂന്നാം ഭാഗത്ത്, മൗലികാവകാശങ്ങളുടെ നിർവചനങ്ങൾക്കൊപ്പം സാമൂഹികനീതിയുമായി ബന്ധപ്പെട്ടാണ് സംവരണം രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ആസന്നമായ തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ട് അജണ്ടകൾ രൂപീകരിക്കുന്ന രാഷ്ട്രീയ പാർട്ടികൾ മുന്നോക്കക്കാരിലെ പിന്നാക്കക്കാരെന്ന പരിഗണന കൂടി സംവരണത്തിന് മാനദണ്ഡമാക്കിയിരിക്കുന്നു. ഭാരതത്തിന്റെ പ്രത്യേക സാമൂഹിക സാഹചര്യത്തിൽ ഇത് എത്രത്തോളം ഗുണകരമാണ്; അർഹർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ സംരക്ഷിക്കാൻ ഈ സംവരണത്തിന് കഴിയുമോ?

VOL NO: 03 | ISSUE 05

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 FEBRUARY 02 | ₹12

# വർഗീയതക്കെതിരെ മതേതര മുന്നേറ്റം



സ്വന്തം വർഗത്തിൽ പെട്ടവർ സത്യത്തിലും നീതിയിലും മാനവികതയിലും നിൽക്കുമ്പോൾ അതിനെ പിന്തുണക്കുന്നതല്ല വർഗീയത. മറിച്ച്, അന്യായത്തിൽ സ്വന്തക്കാരെ സഹായിക്കുന്നതാണ് പ്രമാണങ്ങൾ പഠിപ്പിക്കുന്ന വർഗീയത. നന്മ പുലർന്ന് കാണണമെന്ന് ആഗ്രഹിക്കുന്നവരെ വർഗീയതയുടെ ഉപാസകർ വർഗീയവാദികളെന്ന് ആക്ഷേപിക്കുന്ന അത്യന്തം ഖേദകരമായ അവസ്ഥയാണിന്ന് രാജ്യത്ത് നടമാടിക്കൊണ്ടിരിക്കുന്നത്. ആരാണ് നമുക്കിടയിലെ വർഗീയവാദികൾ? എങ്ങനെയാണ് വർഗീയതയോട് പ്രതികരിക്കേണ്ടത്?

|| മനുഷ്യ സൃഷ്ടിപ്പിന്റെ ലക്ഷ്യം

|| മരണം ബോധ്യപ്പെടുത്തിയ ചില യാഥാർഥ്യങ്ങൾ




# ഖുർആൻ പഠനം
## നിങ്ങളുടെ വിരൽ തുമ്പിൽ

peaceradio
annoor
QURAN LEARNING PROGRAMME

# അന്നൂർ
## ഖുർആൻ പഠന പദ്ധതി

**നിങ്ങളുടെ ഫോണിലും...!**

നിങ്ങളുടെ ഫോണിലെ പ്ലേ സ്റ്റോർ/ആപ് സ്റ്റോർ തുറന്ന ശേഷം PEACE RADIO എന്ന് സെർച്ച് ചെയ്യുക. റേഡിയോ ഇൻസ്റ്റാൾ ചെയ്ത് തുറന്ന ശേഷം താഴെ കാണുന്ന കോഴ്സ് ബട്ടൺ അമർത്തി അന്നൂർ കോഴ്സിൽ രജിസ്റ്റർ ചെയ്യുക. ക്ലാസ് തുടങ്ങുന്ന സമയത്ത് അറിയിപ്പുകൾ ലഭിക്കുന്നതാണ്



peaceradio
Tune to reality

റജിസ്റ്റർ ചെയ്യൂ... ഇപ്പോൾ തന്നെ

WhatsApp +91 9020 840 840

നേർപഥം

വാരിക

0107 / 2019 ഫെബ്രുവരി 02 / 1440 ജുമാദുൽ അവ്വൽ 25 / പുസ്തകം 03 / ലക്കം 05




# വർഗീയതക്കെതിരെ മതേതര മുന്നേറ്റം


സുഫ്യാൻ അബ്ദുസ്സലാം / 10


**മുഖമൊഴി**


എന്തുകൊണ്ട് സാമ്പത്തിക സംവരണം? / 05
എഡിറ്റർ


**ലേഖനം**


രഹസ്യപ്രബോധനം തുടങ്ങുന്നു / 06
ഫദ്‌ലുൽ ഹഖ് ഉമരി

സെമസ്റ്റർ സംവിധാനവുമായി മക്വ്ദി തങ്ങളുടെ മതപാഠശാലകൾ / 20
ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ

മനുഷ്യ സൃഷ്ടിപ്പിന്റെ ലക്ഷ്യം / 26
സയ്യിദ് സഅ്ഫർ സ്വാദിക്വ് മദീനി


**ക്വുർആൻ ദർശനം**


ഇൻഫിത്വാർ (പൊട്ടിക്കീറൽ) / 15
വിവ: ഹാരിസ് ബിൻ സലീം


**നമുക്ക് ചുറ്റും**


സഅ്സഅത്ബ്നു നാജിയയുടെ കഥ; മനുഷ്യത്വത്തിന്റെയും / 34
പി.എൻ. അബ്ദുല്ലത്വീഫ് മദനി


**ചരിത്രപഥം**


മരണം ബോധ്യപ്പെടുത്തിയ ചില യാഥാർഥ്യങ്ങൾ / 29
ഹുസൈൻ സലഫി, ഷാർജ


**ആരോഗ്യപഥം**


മൂത്രാശയക്കല്ല്: കാരണങ്ങളും ലക്ഷണങ്ങളും / 18
നിസാം



Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com | Facebook: www.facebook.com

## വായനക്കാർ എഴുതുന്നു



## വ്യാജൻ 'വ്യാജൻ' തന്നെ!

'ഒറിജിലിനെ വെല്ലുന്ന വ്യാജൻ' എന്നത് കേട്ടും അനുഭവിച്ചും പരിചിതമായ വാക്കാണ്. കൊടുക്കുന്ന മൂല്യത്തിന് അനുഗുണമായത് തിരിച്ച് കിട്ടാതിരിക്കുമ്പോഴും, തിരിച്ച് കിട്ടുന്നവയെ തിരിച്ചറിയാതിരിക്കുന്നതും മിനിമം ഭാഷയിൽ പറഞ്ഞാൽ കൊടും വഞ്ചനയാണ്.

അപചയങ്ങളുടെ അപശബ്ദങ്ങളാൽ മുഖരിരിതമായ ലോകത്ത് മായമാണ് എങ്ങും നിറഞ്ഞാടുന്നത്. വാങ്ങിയ ഉൽപ്പന്നം വ്യാജമാണെന്ന് അറിഞ്ഞാൽ തിരിച്ചു നൽകാം. വ്യാജൻ വിൽക്കുന്ന കട ആണെന്നറിഞ്ഞാൽ അവിടെ പോകാതിരിക്കാം. പക്ഷേ, ഏറ്റവും ആധുനിക കണക്കുകൾ തെളിയിക്കുന്ന ചില വ്യാജ പ്രകടനങ്ങൾ മനുഷ്യനെ വല്ലാതെ ഞെട്ടിക്കുന്നതാണ്.

ആതുരസേവനരംഗത്ത് സ്വയം സമർപ്പിതമാവാൻ കാലങ്ങളായുള്ള തങ്ങളുടെ പഠന-മനനത്തിന്റെ പരിജ്ഞാനവുമായി കടന്നുവരുമ്പോൾ സഹജീവികൾക്ക് കരുണയും സഹായവുമാണത്.

പക്ഷേ, വളരെ ഖേദകരമെന്ന് പറയട്ടെ സർട്ടിഫിക്കറ്റ് പിൻബലമോ, അനുഭവത്തിന്റെ ആദ്യാക്ഷരമോ വശമില്ലാത്ത വ്യാജർ ഈ രംഗത്ത് പിടിമുറുക്കുന്നുണ്ടെന്നാണ് കഴിഞ്ഞ ദിവസം ആലപ്പുഴയിൽ പിടിയിലായ വ്യാജഡോക്ടർ നൽകുന്ന സന്ദേശം. മാത്രമല്ല ഇയാൾ അഞ്ചു ജില്ലകളിലായി ജോലി ചെയ്തിട്ടുണ്ടെന്ന വിവരം മലയാളിയെ ഞെട്ടിക്കുന്നതാണ്.

അന്വേഷണ ഉദ്യോഗസ്ഥർ ആ വഴിയിൽ അൽപം കുശാഗ്രബുദ്ധിയോടെ നീങ്ങിയപ്പോൾ വലയിൽ കുടുങ്ങിയത് ചെറുമീനുകൾ മുതൽ വൻ സ്രാവുകൾ വരെ ഉണ്ടന്നാണ് അവർ ആണയിടുന്നത്.

2018 മാർച്ച് 31 വരെയുള്ള കണക്കു പ്രകാരം ഇന്ത്യൻ മെഡിക്കൽ കൗൺസിലിലും സംസ്ഥാന കൗൺസിലുമായി രജിസ്റ്റർ ചെയ്ത ഡോക്ടർമാരുടെ എണ്ണം 10,22,589 ആണെങ്കിൽ ഇതിൽ 8.2 ലക്ഷം ഡോക്ടർമാർ മാത്രമേ രാജ്യത്ത് സേവന രംഗത്ത് ഉള്ളുവെന്നും കണക്കാക്കപ്പെടുന്നുവത്രെ.

ഭീമമായ ജനസംഖ്യയുള്ള രാജ്യത്ത് ലക്ഷത്തിന് നൂറു പേർ ഡോക്ടർമാരായി സേവന രംഗത്ത് വേണ്ടപ്പോൾ 62 പേരെ മാത്രമെ ലഭ്യമുള്ളുവെന്ന സത്യവും അതിൽ തന്നെ വ്യാജൻമാർ വിലസുന്നുണ്ടെന്ന അനുഭവവും പൊതുജനാരോഗ്യരംഗത്ത് വൻ സൂക്ഷ്മത പാലിക്കുന്നൊരു രാജ്യത്ത് ഉണ്ടാവാൻ പാടില്ലായിരുന്നു. വ്യാജൻ വ്യാജനായി തന്നെ നിലനിന്ന് ആട്ടിയകറ്റപ്പെടുകയും ഒറിജിനലുകളുടെ എണ്ണത്തിൽ വൻ വർധനവിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതുണ്ട്.

**- മുസ്‌ലിം ബിൻ ഹൈദർ**

## ചരിത്രപഠനം പുരോഗമിക്കട്ടെ

ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ് പറവണ്ണ എഴുതിക്കൊണ്ടിരിക്കുന്ന വിശുദ്ധ ക്വുർആനും മലയാളികളും എന്ന ലേഖന പരമ്പര ചരിത്ര കുതുകികൾക്ക് ഏറെ ഉപകാരപ്രദമാവുമെന്ന കാര്യത്തിൽ സംശയമില്ല.

ക്വുർആൻ പരിഭാഷയോടും മതപഠന സംരംഭങ്ങളോടുമുള്ള കേരളത്തിലെ മുൻകാല മതപണ്ഡിതരുടെ സമീപനം രേഖകൾ സഹിതം വ്യക്തമാക്കുകയും ആ രംഗത്ത് മക്തി തങ്ങൾ ചെയ്ത സേവനങ്ങൾ കൃത്യമായി എടുത്തവതരിപ്പിക്കുകയും ചെയ്ത ലേഖകന്റെ ഗവേഷണപഠനം അഭിനന്ദനമർഹിക്കുന്നു. മതപ്രബോധന രംഗത്ത് ഒരേസമയം ക്രിസ്ത്യൻ മുസ്‌ലിം പുരോഹിതരോടും ഖാദിയാനികളോടും എതിർത്ത് നിന്ന് ആദർശ പ്രബോധനം നടത്തിയ മക്തി തങ്ങൾ കേരളത്തിലെ മതപ്രബോധന രംഗത്തെ ആചാര്യനാണെന്ന് ചരിത്രത്തിൽ രേഖപ്പെട്ടു കിടക്കുന്ന വസ്തുതയാണ്.

വാമൊഴി രംഗത്തും വരമൊഴി രംഗത്തും ഒരുപോലെ മികവ് തെളിയിച്ച അദ്ദേഹത്തിന്റെ സൃഷ്ടികളെ വക്രീകരിച്ച് ചരിത്രത്തെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ ഇന്നും പൗരോഹിത്യം തുടർന്ന് കൊണ്ടിരിക്കുന്നു. അത്തരം കുത്സിത ശ്രമങ്ങളെ പ്രതിരോധിക്കാനുള്ള കനപ്പെട്ട രചനയായി നേർപഥത്തിലെ ഈ ലേഖനപരമ്പരക്ക് കഴിയട്ടെ എന്ന് ആത്മാർഥമായി പ്രാർഥിക്കുന്നു.

**-സക്കീന എടവണ്ണ**

മുഖമൊഴി

# എന്തുകൊണ്ട് സാമ്പത്തിക സംവരണം?

ഇന്ത്യൻ ഭരണഘടനയിൽ സംവരണം നിലനിൽക്കുന്നത് സാമൂഹിക നീതിയുമായി ബന്ധപ്പെട്ടാണ്. ഭരണഘടനയുടെ മൂന്നാം ഭാഗത്ത് മൗലികാവകാശങ്ങളുടെ നിർവചനങ്ങൾക്കൊപ്പമാണ് സംവരണത്തിന്റെ നിയമസാധ്യതകൾ വ്യക്തമാക്കുന്നത്. ഭരണഘടനയുടെ അടിസ്ഥാനസ്വഭാവമായ തുല്യനീതി, ജാതി,മത,വംശ,ദേശ,ലിംഗ ഭേദങ്ങളിലധിഷ്ഠിതമായ ചൂഷണങ്ങൾക്കെതിരെയുള്ള സംരക്ഷണം, അവസര സമത്വം എന്നിവ ഉറപ്പാക്കുന്ന ഭരണഘടനയുടെ 14,5,16 വകുപ്പുകൾ തന്നെയാണ് സംവരണത്തെക്കുറിച്ചും പ്രതിപാദിക്കുന്നത്. നിർദേശക തത്ത്വങ്ങളുടെ ഭാഗമായ ആർട്ടിക്കിൾ 46ഉം ഇതോട് ചേർത്തു വായിക്കാം. പ്രാതിനിധ്യമാണ് സംവരണ തത്ത്വത്തിന്റെ അടിസ്ഥാനം. ചരിത്രപരമായ കാരണങ്ങളാൽ അനീതിക്കിരയായി പിന്തള്ളപ്പെട്ടുപോയ ജനവിഭാഗങ്ങളുടെ ആനുപാതികമായ പ്രാതിനിധ്യം എല്ലാ മേഖലയിലും ഉറപ്പുവരുത്തുക എന്നതാണത്.

'ജാതി,മത,വർഗ,ഭേദമന്യെ എല്ലാ സ്ത്രീകളുടെയും കുട്ടികളുടെയും സർവതോന്മുഖമായ ഉന്നമനത്തിനുവേണ്ടി നടപടികൾ സ്വീകരിക്കാം' (ആർട്ടിക്കിൾ 15(3).

'സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്നവർക്ക്...' (ആർട്ടിക്കിൾ 15(4).

'സർക്കാർ സർവീസിൽ മതിയായ പ്രാതിനിധ്യം ഇല്ലാത്തവർക്ക്...' (ആർട്ടിക്കിൾ 16(4). ഇവിടെ പറഞ്ഞിരിക്കുന്ന പിന്നാക്ക വിഭാഗം എന്നത് ആർട്ടിക്കിൾ 15(4)ലെ സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗമാണെന്ന് സുപ്രീംകോടതി വ്യാഖ്യാനിച്ചിട്ടുണ്ട്.

'സാമൂഹിക അനീതികളിൽനിന്നും എല്ലാവിധ ചൂഷണങ്ങളിൽനിന്നും സംരക്ഷിക്കപ്പെടേണ്ട ദുർബല വിഭാഗങ്ങൾക്ക്'(ആർട്ടിക്കിൾ 46)

'പട്ടികജാതി- പട്ടികവർഗ വിഭാഗങ്ങൾക്ക്...' (അവസാനം പറഞ്ഞ 3 വകുപ്പുകൾ പ്രകാരവും).

ഇവിടെയൊന്നും സാമ്പത്തിക സംവരണത്തിന് സാധ്യതയില്ല. ആർട്ടിക്കിൾ 46ലെ അവശ വിഭാഗങ്ങളുടെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന നിർദേശമാണ് സാമ്പത്തിക സംവരണവാദികൾ ഉയർത്തിക്കാട്ടുന്നത്. ദുർബല വിഭാഗം എന്ന പ്രയോഗത്തിന് സാമ്പത്തികമായി അവശതയനുഭവിക്കുന്ന വിഭാഗം എന്ന വ്യാഖ്യാനമാണിവർ നൽകുന്നത്. സാമൂഹിക അനീതിയിൽനിന്നും മറ്റു ചൂഷണങ്ങളിൽനിന്നും സംരക്ഷിക്കപ്പെടണം എന്ന ഭാഗം ഇതിനോട് ചേർത്തു വായിക്കേണ്ടതുണ്ട്.

സംവരണവുമായി ബന്ധപ്പെട്ട എല്ലാ കേസുകളിലും സുപ്രീംകോടതിയുടെ നിലപാടും ഇതുതന്നെയായിരുന്നു. ഏതെങ്കിലും ഒരു ജാതിയിലെ വ്യക്തി ദരിദ്രനായതുകൊണ്ടു മാത്രം സംവരണം അനുവദിക്കുന്നത് ന്യായമല്ല. ഭരണഘടനാപരമായി വ്യക്തികൾക്കല്ല വിഭാഗങ്ങൾക്ക് മാത്രമാണ് സംവരണം. ദരിദ്രർ എന്ന നിലയ്ക്ക് സംവരണമേർപ്പെടുത്തുകയാണെങ്കിൽ അത് എല്ലാ വിഭാഗക്കാർക്കും വേണ്ടിവരും. ഏതെങ്കിലും പ്രത്യേക വിഭാഗത്തിലെ ദരിദ്രർക്ക് മാത്രമായി സംവരണം ഏർപെടുത്തുന്നത് ആർട്ടിക്കിൾ 14,15,16 വകുപ്പുകളുടെ ലംഘനമാണ്.

അതുകൊണ്ടാണ് സാമ്പത്തിക സംവരണ വിഷയത്തിൽ കേന്ദ്ര സർക്കാർ പുതിയ ബിൽ ചുട്ടെടുക്കാൻ വ്യഗ്രത കാണിച്ചിരിക്കുന്നത്. പൊതുതിരഞ്ഞെടുപ്പ് പടിവാതിൽക്കൽ എത്തി നിൽക്കെ സർക്കാർ ബില്ലുകൾ പാസാക്കിയെടുക്കുന്ന തിരക്കിലാണ്. ലക്ഷ്യം ഒന്നു മാത്രം; അടുത്ത അഞ്ചുവർഷം കൂടി നേതാക്കൾക്ക് ഭരണത്തിന്റെ 'അച്ചാ ദിൻ' അനുഭവിക്കണം. ജനങ്ങൾ 'അച്ചാ ദിൻ' സ്വപ്നത്തിൽ മാത്രം കണ്ട് സായൂജ്യമടയുകയും വേണം!



ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

മുഹമ്മദ് നബിﷺ: 8

# രഹസ്യപ്രബോധനം തുടങ്ങുന്നു

**അ**ല്ലാഹുവിൽനിന്ന് നബിﷺക്ക് വഹ്‌യ് (ദിവ്യബോധനം) ലഭിച്ചിരുന്നത് വ്യത്യസ്ത രൂപങ്ങളിൽ ആയിരുന്നു:

1) സത്യസന്ധമായ സ്വപ്നങ്ങൾ.

2) നബിﷺ മലക്കിനെ കാണാതെ തന്നെ നബിയുടെ ഹൃദയത്തിലേക്ക് ഇട്ടു കൊടുക്കുന്ന രീതി.

3) മലക്ക് എന്ന മധ്യവർത്തി ഇല്ലാതെ അല്ലാഹു സംസാരിക്കുന്ന രീതി. മറയുടെ പിന്നിൽ നിന്നുകൊണ്ട് മൂസാ നബഅ)യോട് അല്ലാഹു സംസാരിച്ച രീതി പോലെയായിരുന്നു ഇത്.

4) മനുഷ്യന്റെ രൂപത്തിൽ മലക്ക് പ്രത്യക്ഷപ്പെടുകയും എന്നിട്ട് നബിയോട് സംസാരിക്കുകയും നബി മലക്കിൽ നിന്ന് ശ്രദ്ധിച്ച് കേൾക്കുകയും ചെയ്യുന്ന രീതി. ഇത്തരം സന്ദർഭങ്ങളിൽ സഹാബികളും മലക്കിനെ മനുഷ്യരൂപത്തിൽ കണ്ടിട്ടുണ്ട്. ദഹിയ്യത്തുൽ കൽബിയുടെ രൂപത്തിൽ ജിബ്‌രീൽ വന്നത് ഇതിന് ഉദാഹരണമാണ്.

5) മലക്കിനെ അല്ലാഹു സൃഷ്ടിച്ച അതേ രൂപത്തിൽ കാണുന്ന രീതി. അങ്ങനെയും അല്ലാഹു വഹ്‌യ് നൽകിയിട്ടുണ്ട്. ഇത് രണ്ടുതവണയാണ് സംഭവിച്ചത്. അല്ലാഹു വഹ്‌യ് നൽകുന്ന രീതികളെ സംബന്ധിച്ച് ക്വുർആനിൽ ഇപ്രകാരം കാണാം:

“(നേരിട്ടുള്ള) ഒരു ബോധനം എന്ന നിലയിലോ ഒരു മറയുടെ പിന്നിൽ നിന്നായിക്കൊണ്ടോ, ഒരു ദൂതനെ അയച്ച് അല്ലാഹുവിന്റെ അനുവാദപ്രകാരം അവൻ ഉദ്ദേശിക്കുന്നത് അദ്ദേഹം (ദൂതൻ) ബോധനം നൽകുക എന്ന നിലയിലോ അല്ലാതെ അല്ലാഹു തന്നോട് സംസാരിക്കുക എന്ന കാര്യം യാതൊരു മനുഷ്യന്നും ഉണ്ടാവുകയില്ല. തീർച്ചയായും അവൻ ഉന്നതനും യുക്തിമാനുമാകുന്നു” (ശൂറാ:51).

ആഇശ ﵂ യിൽ നിന്നും നിവേദനം. ഹാരിസുബ്നു ഹിശാം നബിയോട് ചോദിച്ചു: “അല്ലാഹുവിന്റെ പ്രവാചകരേ, എങ്ങനെയാണ് താങ്കൾക്ക് വഹ്‌യ് വരുന്നത്?” അപ്പോൾ നബി ﷺ പറഞ്ഞു: “ചിലപ്പോൾ മണിനാദം പോലെയായിരിക്കും. അതാണ് എന്നെ സംബന്ധിച്ചടത്തോളം ഏറ്റവും പ്രയാസകരമായിട്ടുള്ളത്. ആ സന്ദർഭത്തിൽ എന്നിൽനിന്നും വിയർപ്പുകൾ പൊടിയും. അപ്പോഴേക്കും മലക്ക് പറയുന്ന കാര്യങ്ങൾ ഞാൻ ഹൃദിസ്ഥമാക്കിയിട്ടുണ്ടാകും. ചിലപ്പോൾ മലക്ക് മനുഷ്യരൂപത്തിൽ വരികയും എന്നോട് സംസാരിക്കുകയും ചെയ്യും. അപ്പോൾ കാര്യങ്ങൾ ഞാൻ ഹൃദിസ്ഥമാക്കും. ആഇശ ﵂ പറയുന്നു: “അതിശക്തമായ തണുപ്പുള്ള ദിവസവും വഹ്‌യ് ഇറങ്ങുമ്പോൾ നബി ﷺ വിയർക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. പ്രവാചകന്റെ നെറ്റിത്തടങ്ങളിലും വിയർപ്പ് കാണാമായിരുന്നു”(ബുഖാരി: 2, മുസ്‌ലിം: 2333).

അല്ലാഹു വഹ്‌യ് നൽകുന്ന ക്വുർആനിക വചനങ്ങൾ മറന്നു പോകുമോ എന്ന പേടി നബി ﷺ ക്ക് ഉണ്ടായിരുന്നു. അതുകൊണ്ടു തന്നെ ധൃതി പിടിച്ചുകൊണ്ട്, വഹ്‌യായി നൽകപ്പെടുന്ന വചനങ്ങൾ ധൃതിപ്പെട്ട് ഓതാൻ നബി തന്റെ ചുണ്ടുകൾ ചലിപ്പിക്കാറുണ്ടായിരുന്നു. ആ സന്ദർഭത്തിലാണ് ഓതപ്പെടുന്ന കാര്യങ്ങൾ ശ്രദ്ധിച്ചു കേൾക്കുവാനും ജിബ്‌രീൽ ഓതുന്നതിലേക്ക് ശ്രദ്ധിക്കുവാനും അല്ലാഹു കൽപിച്ചത്.

“നീ അത് (ക്വുർആൻ) ധൃതിപ്പെട്ട് ഹൃദിസ്ഥമാക്കാൻ വേണ്ടി അതും കൊണ്ട് നിന്റെ നാവ് ചലിപ്പിക്കേണ്ട. തീർച്ചയായും അതിന്റെ (ക്വുർആന്റെ) സമാഹരണവും അത് ഓതിത്തരലും നമ്മുടെ ബാധ്യതയാകുന്നു. അങ്ങനെ നാം അത് ഓതിത്തന്നാൽ ആ ഓത്ത് നീ പിന്തുടരുക. പിന്നീട് അത് വിവരിച്ചുതരലും നമ്മുടെ ബാധ്യതയാകുന്നു” (അൽക്വിയാമ: 16-19).

### പ്രവാചക ജീവിതത്തിലെ പ്രബോധന ഘട്ടങ്ങൾ

അല്ലാഹുവിന്റെ മാർഗത്തിലേക്ക് ക്ഷണിക്കാനുള്ള അല്ലാഹുവിന്റെ കൽപന ലഭിച്ച നിമിഷം മുതൽ നബി ﷺ ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും മറ്റുള്ളവയെല്ലാം വർജിക്കണമെന്നുമുള്ള സന്ദേശം ജനങ്ങളിലേക്ക് എത്തിക്കാൻ തുടങ്ങി. രണ്ട് ഘട്ടങ്ങളായിട്ടാണ് പ്രവാചകന്റെ പ്രബോധനം ഉണ്ടായിരുന്നത്. മക്കാ കാലഘട്ടവും മദീന കാലഘട്ടവുമാണ് അവ. മക്കയിൽ 13 വർഷവും മദീനയിൽ 10 വർഷവുമാണ് നബി ﷺ പ്രബോധനവുമായി മുന്നോട്ടു പോയത്. മക്കാ കാലഘട്ടം പരിശോധിച്ചാൽ പ്രവാചകന്റെ പ്രബോധനം രണ്ട് രൂപത്തിലായിരുന്നു എന്ന് കാണാം. അതിലൊന്ന് രഹസ്യ പ്രബോധനവും രണ്ടാമത്തേത് പരസ്യപ്രബോധനവുമാണ്. രഹസ്യ പ്രബോധനം മൂന്നുവർഷവും ശേഷമുള്ള കാലം പരസ്യപ്രബോധനവും ആയിരുന്നു. പ്രവാചകത്വത്തിന്റെ നാലാം വർഷം മുതൽ മദീനയിലേക്ക് ഹിജ്റ പോകുന്നതു വരെ ഇത് തുടർന്നു.

### രഹസ്യ പ്രബോധനം

ഇസ്‌ലാമിന്റെ സന്ദേശങ്ങൾ എത്തിക്കുവാനുള്ള അല്ലാഹുവിന്റെ കൽപനയ്ക്ക് നബി ﷺ ഉത്തരം നൽകി: “ഹേ, പുതച്ചു മൂടിയവനേ, എഴുന്നേറ്റ് (ജനങ്ങളെ) താക്കീത് ചെയ്യുക. നിന്റെ രക്ഷിതാവിനെ മഹത്വപ്പെടുത്തുകയും നിന്റെ വസ്ത്രങ്ങൾ ശുദ്ധിയാക്കുകയും പാപം വെടിയുകയും ചെയ്യുക. കൂടുതൽ നേട്ടം കൊതിച്ചു കൊണ്ട് നീ ഔദാര്യം ചെയ്യരുത്. നിന്റെ രക്ഷിതാവിനു വേണ്ടി നീ ക്ഷമ കൈക്കൊള്ളുക.” (മുദ്ദസിർ:1-7).

ഈ കൽപന ലഭിച്ചതോടെ നബി ﷺ തന്റെ വിരിപ്പിൽ നിന്നും എഴുന്നേറ്റു. മൂന്നുവർഷത്തോളം രഹസ്യമായി അല്ലാഹുവിലേക്ക് ക്ഷണിച്ചു തുടങ്ങി. ആ

**അല്ലാഹുവിന്റെ മാർഗത്തിലേക്ക് ക്ഷണിക്കാനുള്ള അല്ലാഹുവിന്റെ കൽപന ലഭിച്ച നിമിഷം മുതൽ നബി ﷺ ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും മറ്റുള്ളവയെല്ലാം വർജജിക്കണമെന്നുമുള്ള സന്ദേശം ജനങ്ങളിലേക്ക് എത്തിക്കാൻ തുടങ്ങി. രണ്ട് ഘട്ടങ്ങളായിട്ടാണ് പ്രവാചകന്റെ പ്രബോധനം ഉണ്ടായിരുന്നത്. മക്കാ കാലഘട്ടവും മദീന കാലഘട്ടവുമാണ് അവ. മക്കയിൽ 13 വർഷവും മദീനയിൽ 10 വർഷവുമാണ് നബി ﷺ പ്രബോധനവുമായി മുന്നോട്ടുപോയത്. മക്കാ കാലഘട്ടം പരിശോധിച്ചാൽ പ്രവാചകന്റെ പ്രബോധനം രണ്ട് രൂപത്തിലായിരുന്നു എന്ന് കാണാം. അതിലൊന്ന് രഹസ്യ പ്രബോധനവും രണ്ടാമത്തേത് പരസ്യപ്രബോധനവുമാണ്.**

ദ്യമായി അല്ലാഹുവിലേക്കാണ് ക്ഷണിച്ചത്. ശിർക്കിന്റെ (ബഹുദൈവാരാധനയുടെ) എല്ലാതരം പ്രകട രൂപങ്ങളെയും നബിﷺ പിഴുതെറിയാൻ ശ്രമിച്ചു. അത്യുത്തമ സ്വഭാവങ്ങളിലേക്കും ആ കാലഘട്ടത്തിൽ അദ്ദേഹം ജനങ്ങളെ ക്ഷണിച്ചു.

മക്കക്കാർ എതിരിടാൻ വരാതിരിക്കാൻ വേണ്ടിയായിരുന്നു രഹസ്യമായി പ്രബോധനം തുടങ്ങിയത്. അത് കൊണ്ടുതന്നെ തന്റെ ഏറ്റവുമടുത്ത ആളുകളിലേക്കും തന്റെ അടുത്ത കുടുംബത്തിലേക്കും സുഹൃത്തുക്കളിലേക്കും ആദ്യമായി പ്രബോധനവുമായി കടന്നുചെന്നു. സത്യത്തോട് താൽപര്യം കാണിക്കുകയും സത്യത്തെ സ്നേഹിക്കുകയും ചെയ്യുന്ന ആളുകളെയായിരുന്നു നബിﷺ ഈ ഘട്ടത്തിൽ പരിഗണിച്ചിരുന്നത്. നന്മയുടെയും സത്യസന്ധതയുടെയും വിഷയത്തിൽ അറിയപ്പെട്ടിരുന്ന ചില ആളുകൾ മക്കയിലും ഉണ്ടായിരുന്നു. നബിയുടെ ക്ഷണത്തിന്റെ ഭാഗമായി ഏതാനും ചില യാളുകൾ ഇസ്‌ലാമിലേക്ക് കടന്നുവന്നു. അവരുടെ മുൻപന്തിയിലുണ്ടായിരുന്ന ആളുകളെ ക്രമപ്രകാരം നമുക്കൊന്ന് പരിചയപ്പെടാം:

1 ഖുവൈലിദിന്റെ മകൾ ഖദീജ. നബിﷺയുടെ ഭാര്യയാണ് അവർ. സ്ത്രീകളിൽ നിന്നും ആദ്യമായി വിശ്വസിച്ചതും പൊതുവെ ആളുകളിൽ നിന്ന് ആദ്യമായി വിശ്വസിച്ചതും ഖദീജ തന്നെയായിരുന്നു.

2) വറഖതുബ്നു നൗഫൽ. അദ്ദേഹം നേരത്തെ തന്നെ മരണപ്പെട്ടു പോയി.

3) അബൂത്വാലിബിന്റെ മകൻ അലി. നബിയുടെ പിതൃവ്യപുത്രൻ കൂടിയായിരുന്നു അദ്ദേഹം. മുസ്‌ലിമാകുമ്പോൾ അദ്ദേഹത്തിന് പത്തു വയസ്സായിരുന്നു. കുട്ടികളിൽ നിന്ന് ആദ്യമായി ഇസ്‌ലാം സ്വീകരിച്ചതും അദ്ദേഹമാണ്. നബിﷺയുടെ കൂടെയായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്.

4) നബിﷺയുടെ ഭൃത്യനായിരുന്ന സൈദ്ബ്നു ഹാരിസതുൽ കൽബി. അടിമകളിൽ നിന്ന് ആദ്യമായി മുസ്‌ലിമാകുന്നത് ഇദ്ദേഹമാണ്.

5) ഇതിനുശേഷം നബിﷺയുടെ മക്കളായ റുഖിയ്യ, സൈനബ്, ഉമ്മുകുൽസും, ഫാത്വിമ എന്നിവർ ഇസ്‌ലാം സ്വീകരിച്ചു.

പ്രവാചക കുടുംബത്തിന്റെ പുറത്തു നിന്നും ആദ്യമായി ഇസ്‌ലാം സ്വീകരിച്ചത് അബൂബക്ർ ആയിരുന്നു. പ്രായപൂർത്തി എത്തിയിട്ടുള്ള സ്വതന്ത്രരിൽ നിന്നും ആദ്യമായി ഇസ്‌ലാം സ്വീകരിച്ച വ്യക്തികൂടിയാണ് അദ്ദേഹം. പ്രവാചകനെക്കാൾ രണ്ടര വയസ്സ് കുറവായിരുന്നു അദ്ദേഹത്തിന്. ജനങ്ങളിൽ ഏറ്റവും ഇഷ്ടം ലഭിച്ച വ്യക്തിയായിരുന്നു അബൂബക്ർ. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചപ്പോൾ അത് പരസ്യപ്പെടുത്തി. അല്ലാഹുവിലേക്കും റസൂലിലേക്കും ജനങ്ങളെ ക്ഷണിക്കാൻ തുടങ്ങി. മാന്യനായ അദ്ദേഹം ജനങ്ങളോട് ബന്ധംപുലർത്തുന്ന, ജനങ്ങളുടെ സ്നേഹം പിടിച്ചു പറ്റിയ കച്ചവടക്കാരനായ ഒരു വ്യക്തി കൂടിയായിരുന്നു. നല്ല സ്വഭാവത്തിന്റെയും ഉൽകൃഷ്ട ജീവിതരീതിയുടെയും ഉടമയായിരുന്നു അദ്ദേഹം. അബൂബക്റിന്റെ നല്ല സഹവർത്തിത്വം കാരണവും അദ്ദേഹത്തിന്റെ ഔദാര്യത കാരണവും പലപ്പോഴും അദ്ദേഹത്തിന്റെ ഗോത്രക്കാർ അദ്ദേഹത്തെ സമീപിക്കാറുണ്ടായിരുന്നു.

തനിക്ക് വിശ്വാസമുള്ള, തന്റെയടുക്കൽ വന്നിരിക്കുന്ന ആളുകളെയെല്ലാം അദ്ദേഹം ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. താൻ ആരെയൊക്കെ കാണാൻ പോകുന്നുവോ അവരെയും ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. നബിﷺക്ക് ശേഷം അല്ലാഹുവിന്റെ മാർഗത്തിലേക്ക് ആദ്യമായി ജനങ്ങളെ ക്ഷണിച്ച വ്യക്തി എന്ന പദവി കൂടി അബൂബക്റിനുണ്ട്. സ്വർഗം കൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ട 10 ആളുകളിൽ 5 ആളുകളും അദ്ദേഹത്തിലൂടെ ഇസ്‌ലാമിലേക്ക് കടന്നുവന്നവരാണ്. ഉഥ്മാനുബ്നു അഫ്ഫാൻ, സുബൈറു ബ്നുൽ അവ്വാം, അബ്ദുറഹ്മാനുബ്നു ഔഫ്, സഅ്ദുബ്നു അബീവക്വാസ്, ത്വൽഹത് ബിൻ ഉബൈദില്ല തുടങ്ങിയവരായിരുന്നു അവർ. ഇസ്‌ലാമിക കുടുംബത്തിലേക്ക് ആദ്യമായി കടന്നുവന്ന സംഘം ആയിരുന്നു ഇവർ. അബൂബക്ർ ഇവരെ നബിﷺയുടെ അടുക്കലേക്ക് കൊണ്ടു

**മക്കക്കാർ എതിരിടാൻ വരാതിരിക്കാൻ വേണ്ടിയായിരുന്നു നബിﷺ രഹസ്യമായി പ്രബോധനം തുടങ്ങിയത്. അത്കൊണ്ടുതന്നെ തന്റെ ഏറ്റവുമടുത്ത ആളുകളിലേക്കും തന്റെ അടുത്ത കുടുംബത്തിലേക്കും സുഹൃത്തുക്കളിലേക്കും ആദ്യമായി പ്രബോധനവുമായി കടന്നുചെന്നു. സത്യത്തോട് താൽപര്യം കാണിക്കുകയും സത്യത്തെ സ്നേഹിക്കുകയും ചെയ്യുന്ന ആളുകളെയായിരുന്നു നബിﷺ ഈ ഘട്ടത്തിൽപരിഗണിച്ചിരുന്നത്. നന്മയുടെയും സത്യസന്ധതയുടെയും വിഷയത്തിൽ അറിയപ്പെട്ടിരുന്ന ചില ആളുകൾ മക്കയിലും ഉണ്ടായിരുന്നു.**

വരികയും അദ്ദേഹത്തിനു മുമ്പിൽ വച്ച് അവർ ഇസ്‌ലാം സ്വീകരിക്കുകയും ഇസ്‌ലാമിക സൈന്യത്തിലെ അംഗങ്ങളായി മാറുകയും ചെയ്തു. ഖദീജﷺയും അല്ലാഹുവിന്റെ മാർഗത്തിലേക്കുള്ള ക്ഷണവുമായി പുറപ്പെട്ടു. മക്കളെയും കൂട്ടുകാരികളെയും ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. അവരിൽ പലരും ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു.

ഈ ആളുകൾക്കു ശേഷം ഇസ്‌ലാമിലേക്ക് കടന്നുവന്ന പ്രധാനികളായ വ്യക്തികളുടെ പേരുകൾ നമുക്ക് താഴെ വായിക്കാം: അബൂഉബൈദതുബ്നുൽ ജർറാഹ്ﷺ, അബൂസലമതുബ്നു അബ്ദുൽ അസദ്ﷺ, അർഖമുബ്നു അബുൽ അർഖംﷺ, ഉഥ്മാനുബിനു മള്ഊൻﷺ, അദ്ദേഹത്തിന്റെ 2 സഹോദരങ്ങളായ ഖുദാമﷺ, അബ്ദുല്ലﷺ, ഉബൈദ് ബിൻ ഹാരിസ് ഇബ്നു അബ്ദുൽ മുത്ത്വലിബ്ﷺ, സഈദുബ്നു സൈദ് ഇബ്നു അംറുബ്നു നുഫൈൽﷺ, അദ്ദേഹത്തിന്റെ ഭാര്യയായിരുന്ന ഫാത്വിമ ബിൻത് ഖത്ത്വാബ്ﷺ, അബൂബക്ർﷺവിന്റെ മകൾ അസ്മാഅ്ﷺ, അബ്ബാസുബ്നു അബ്ദുൽ മുത്ത്വലിബിന്റെ ഭാര്യ ഉമ്മുൽ ഫദ്ൽﷺ, ഖബ്ബാബ് ഇബ്നുൽ അറത്ﷺ, ഉത്ബതുബ്നു ഗസ്‌വാൻﷺ, അബ്ദുല്ലാഹിബ്നുമസ്ഊദ്ﷺ തുടങ്ങിയവരായിരുന്നു അവർ. ജനങ്ങൾ ഇസ്‌ലാമിനെക്കുറിച്ച് കേട്ടറിയാൻ തുടങ്ങി. ദരിദ്രരായ പല ആളുകളും ഇസ്‌ലാമിലേക്ക് ധൃതി കാണിച്ചു.


അങ്ങനെ മസ്ഊദ് ഇബ്നു റബീഅﷺ, അയ്യാശ് ഇബ്നു അബീ റബീഅﷺ, ഖുനൈസ് ഇബ്നു ഹുദാഫﷺ, ആമിർ ഇബ്നു റബീഅﷺ, അബ്ദുല്ലാഹിബ്നു ജഹ്ഷ്ﷺ, ജഅ്ഫർ ഇബ്നു അബീത്വാലിബ്ﷺ, അദ്ദേഹത്തിന്റെ ഭാര്യ അസ്മാഅ് ബിൻത് ഉമൈസ്ﷺ, സാഇബ് ഇബ്നു മദ്ഊൻﷺ, നഈം ഇബ്നു അബ്ദില്ലﷺ, അന്നഹ്ഹാംﷺ, ആമിർ ഇബ്നു ഫുഹയ്റﷺ, ഖാലിദ് ഇബ്നു സഈദ് ഇബ്നുൽ ആസ്ﷺ, അബൂഹുദൈഫﷺ, അമ്മാറുബ്നു യാസിർﷺ, സുഹൈബ് ഇബ്നു സിനാൻﷺ, ബിലാൽ ഇബ്നു റബാഹ്ﷺ, മിസ്അബ് ഇബ്നു ഉമൈർﷺ... തുടങ്ങിയവരെല്ലാം രണ്ടാമതായി ഇസ്‌ലാമിലേക്ക് കടന്നുവന്ന പ്രധാനികളാണ്. ഈ ആളുകളെല്ലാം ഇസ്‌ലാം സ്വീകരിച്ചത് രഹസ്യമായിക്കൊണ്ടായിരുന്നു. പുരുഷന്മാരും സ്ത്രീകളുമടങ്ങുന്ന ഇവരുടെ എണ്ണം 67ഓളം എത്തി. ഇവരിൽ പലരും വലിയ ധനികൻമാരും സമൂഹത്തിൽ സ്ഥാനമാനങ്ങൾ ഉള്ളവരും ആയിരുന്നു. 13 പേർ മാത്രമായിരുന്നു അടിമകളും ദുർബലരുമായിരുന്നവർ. ഇവരുടെയെല്ലാം പരിശ്രമ ഫലമായി മക്കയിലും അതിന്റെ പുറത്തുള്ള പ്രദേശങ്ങളിലും ഇസ്‌ലാം വ്യാപിച്ചു തുടങ്ങി.

ഇസ്‌ലാമിന്റെ വ്യാപനത്തിൽ ധനികരും ദരിദ്രരും യജമാനന്മാരും അടിമകളും സ്ത്രീകളും വലിയവരും ചെറിയവരും പങ്കുചേർന്നു. വളരെ രഹസ്യമായിക്കൊണ്ടായിരുന്നു ഇവർ പലപ്പോഴും ഒരുമിച്ചു കൂടിയിരുന്നത്. നബിﷺ രഹസ്യമായി അവരെ ഒരുമിച്ചു കൂട്ടുകയും അല്ലാഹുവിനെക്കുറിച്ച് അവരെ ഓർമപ്പെടുത്തുകയും ദീനുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവർക്ക് പറഞ്ഞു കൊടുക്കുകയും ചെയ്തിരുന്നു. സ്വഫാ മലയുടെ താഴെയുള്ള അർഖം ഇബ്നു അബുൽ അർഖമിന്റെ വീട്ടിലായിരുന്നു മുസ്‌ലിംകൾ ആ കാലഘട്ടത്തിൽ പരസ്പരം കണ്ടുമുട്ടിയിരുന്നത്. അബുൽഅർഖം ഇസ്‌ലാം സ്വീകരിച്ചത് മറ്റുള്ളവരാരും അറിഞ്ഞിരുന്നില്ല എന്നതാണ് അദ്ദേഹത്തിന്റെ വീട് തെരഞ്ഞെടുക്കുവാനുള്ള കാരണം. മാത്രവുമല്ല ബനൂ ഹാശിമിന്റെ ശത്രു വിഭാഗത്തിൽപെട്ട ബനൂ മഖ്സൂം ഗോത്രത്തിൽ പെട്ട ആളും കൂടിയായിരുന്നു അദ്ദേഹം. ഈ നിലക്ക് ശത്രുതയുള്ള ആളുകൾ പരസ്പരം ഒന്നിക്കൽ വളരെ വിദൂരമായതായിട്ടായിരുന്നു ആളുകൾ കണ്ടിരുന്നത്. അതു മാത്രമല്ല 16 വയസ്സ് പ്രായമുള്ള ചെറുപ്പക്കാരനും കൂടിയായിരുന്നു അദ്ദേഹം. പലപ്പോഴും വലിയ ആളുകളിലേക്ക് ആണല്ലോ മറ്റുള്ളവരുടെ ശ്രദ്ധയുണ്ടാകുക. അതുകൊണ്ടുതന്നെ ഒരു കുട്ടി എന്ന നിലയ്ക്ക് ഇദ്ദേഹത്തെ ആരും ശ്രദ്ധിച്ചിരുന്നില്ല. മാത്രവുമല്ല മറ്റുള്ള ആളുകളുടെ ശ്രദ്ധ പതിയാത്ത വിധത്തിൽ സ്വഫാ മലയോട് ചേർന്നു കൊണ്ടായിരുന്നു അദ്ദേഹത്തിന്റെ വീടുണ്ടായിരുന്നത്. ●

**സ്വഫാ മലയുടെ താഴെയുള്ള അർഖം ഇബ്നു അബുൽ അർഖമിന്റെ വീട്ടിലായിരുന്നു മുസ്‌ലിംകൾ ആ കാലഘട്ടത്തിൽ പരസ്പരം കണ്ടുമുട്ടിയിരുന്നത്. അബുൽഅർഖം ഇസ്‌ലാം സ്വീകരിച്ചത് മറ്റുള്ളവരാരും അറിഞ്ഞിരുന്നില്ല എന്നതാണ് അദ്ദേഹത്തിന്റെ വീട് തെരഞ്ഞെടുക്കുവാനുള്ള കാരണം. മാത്രവുമല്ല ബനൂ ഹാശിമിന്റെ ശത്രു വിഭാഗത്തിൽപെട്ട ബനൂ മഖ്സൂം ഗോത്രത്തിൽ പെട്ട ആളും കൂടിയായിരുന്നു അദ്ദേഹം. ഈ നിലക്ക് ശത്രുതയുള്ള ആളുകൾ പരസ്പരം ഒന്നിക്കൽ വളരെ വിദൂരമായതായിട്ടായിരുന്നു ആളുകൾ കണ്ടിരുന്നത്. അതുകൊണ്ടുതന്നെ ഒരു കുട്ടി എന്ന നിലയ്ക്ക് ഇദ്ദേഹത്തെ ആരും ശ്രദ്ധിച്ചിരുന്നില്ല. മാത്രവുമല്ല മറ്റുള്ള ആളുകളുടെ ശ്രദ്ധ പതിയാത്ത വിധത്തിൽ സ്വഫാ മലയോട് ചേർന്നു കൊണ്ടായിരുന്നു അദ്ദേഹത്തിന്റെ വീടുണ്ടായിരുന്നത്.**

സുഫ്യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

കവർ സ്റ്റോറി



# വർഗീയതക്കെതിരെ മതേതര മുന്നേറ്റം

**സ്വന്തം വർഗത്തിൽ പെട്ടവർ സത്യത്തിലും നീതിയിലും മാനവികതയിലും നിൽക്കുമ്പോൾ അതിനെ പിന്തുണക്കുന്നതല്ല വർഗീയത. മറിച്ച്, അന്യായത്തിൽ സ്വന്തക്കാരെ സഹായിക്കുന്നതാണ് പ്രമാണങ്ങൾ പഠിപ്പിക്കുന്ന വർഗീയത. നന്മ പുലർന്ന് കാണണമെന്ന് ആഗ്രഹിക്കുന്നവരെ വർഗീയതയുടെ ഉപാസകർ വർഗീയവാദികളെന്ന് ആക്ഷേപിക്കുന്ന അത്യന്തം ഖേദകരമായ അവസ്ഥയാണിന്ന് രാജ്യത്ത് നടമാടിക്കൊണ്ടിരിക്കുന്നത്. ആരാണ് നമുക്കിടയിലെ വർഗീയവാദികൾ? എങ്ങനെയാണ് വർഗീയതയോട് പ്രതികരിക്കേണ്ടത്?**

വർഗീയത; ഒരു പക്ഷേ, നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ പ്രയോഗിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്ന ഒരു പദമായിരിക്കുമിത്. മതത്തിന്റെയും സമുദായത്തിന്റെയും ജാതിയുടെയും പേരിലുള്ള ചേരിതിരിവുകളെയാണ് പൊതുവിൽ വർഗീയത എന്ന പദം കൊണ്ട് വിവക്ഷിക്കപ്പെടാറുള്ളത്. സ്വന്തം വർഗത്തിനും വിഭാഗത്തിനും വേണ്ടി സംഘടിക്കുന്നതോ അത്തരം കൂട്ടായ്മകളുടെ ഭാഗമാകുന്നതോ അല്ല വർഗീയത. ഏതെങ്കിലും ഒരു മതത്തിൽ വിശ്വസിക്കുന്നതോ മത പ്രമാണങ്ങൾക്ക് അനുസൃതമായി ജീവിതം ക്രമീകരിക്കുന്നതോ മതം പ്രബോധനം ചെയ്യുന്നതോ അല്ല വർഗീയത. ഒരു വർഗത്തിന്റെ കൂടെ നിൽക്കുന്നതിനെ വർഗീയതയെന്നു വിളിക്കാമെങ്കിൽ തൊഴിലാളി വർഗത്തിന് വേണ്ടി സംഘടിക്കുന്നതും വർഗീയതയാവും. അവകാശ സംരക്ഷണത്തിന്റെ ഭാഗമായി വിവിധ വർഗങ്ങളും വിഭാഗങ്ങളും സംഘടിക്കുന്നതും സമരങ്ങൾ നയിക്കുന്നതുമെല്ലാം വർഗീയതയാവും.

എന്താണ് വർഗീയത? എങ്ങനെയാണ് അതിനെ നിർവചിക്കാൻ സാധിക്കുക? സ്വന്തം വർഗത്തിന് വേണ്ടി നീതിയിലും സത്യത്തിലും അധിഷ്ഠിതമായി നിലനിൽക്കുന്നത് വർഗീയതയല്ലെന്നു സൂചിപ്പിച്ചുവല്ലോ. അതിന്റെ മറുവശം അഥവാ സ്വന്തം വർഗത്തിൽ പെട്ടവർ സത്യത്തിനും നീതിക്കും മാനവികതക്കുമെതിരായി നിൽക്കുമ്പോൾ അവരെ സ്വന്തം വർഗത്തിൽ പെട്ടവരെന്ന കാരണം കൊണ്ടുമാത്രം പിന്തുണക്കുന്നത് വർഗീയതയുടെ ഒരു വശമാണ്. വിശുദ്ധ ക്വുർആൻ ഈ വിഷയത്തിൽ ശരിയായ ദിശ കാണിക്കുന്നുണ്ട്:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതിനിലനിർത്തുന്നവരായിരിക്കണം. അത് നിങ്ങൾക്ക് തന്നെയോ, നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവർക്കോ പ്രതികൂലമായിത്തീർന്നാലും ശരി. കക്ഷി ധനികനോ, ദരിദ്രനോ ആകട്ടെ, ആ രണ്ട് വിഭാഗത്തോടും കൂടുതൽ ബന്ധപ്പെട്ടവൻ അല്ലാഹുവാകുന്നു. അതിനാൽ നിങ്ങൾ നീതി പാലിക്കാതെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. നിങ്ങൾ വളച്ചൊടിക്കുകയോ ഒഴിഞ്ഞ് മാറുകയോ ചെയ്യുന്ന പക്ഷം തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു അല്ലാഹു"(4:135).

മറ്റൊരു വചനം കാണുക: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്ന് വേണ്ടി നിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ചെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു"(5:8).

പ്രവാചകൻ മൂസാﷺയുടെ ചരിത്രം വിവരിക്കുമ്പോൾ ക്വുർആൻ ഒരു സംഭവം പരാമർശിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ വർഗമായ ബനൂഇസ്‌റാഈൽ വിഭാഗത്തിൽ പെട്ട ഒരാൾ കോപ്റ്റിക് വംശത്തിൽ പെട്ട ഒരാളുമായി ശണ്ഠയിൽ ഏർപ്പെടുകയും മൂസാﷺയെ കണ്ടപ്പോൾ സഹായം അർഥിക്കുകയും മൂസാﷺ അയാളെ സഹായിക്കുകയും അതിൽ കോപ്റ്റിക് വംശക്കാരൻ മരണപ്പെടുകയും ചെയ്തു. പിറ്റേ ദിവസം അതേ ബനൂഇസ്‌റാഈലുകാരൻ മറ്റൊരു കോപ്റ്റിക് വംശജനുമായി ശണ്ഠ കൂടുന്നത് കണ്ടപ്പോൾ മൂസാﷺ യഥാർഥ അക്രമി സ്വന്തം വിഭാഗത്തിൽ പെട്ടവനാണെന്നു മനസ്സിലാക്കി അയാൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുകയാണുണ്ടായത്. വർഗീയതയ്ക്ക് ഒരു വിശ്വാസിയിൽ യാതൊരു സ്ഥാനവുമില്ലെന്ന് ഈ സംഭവം സൂചിപ്പിക്കുന്നു. മുഹമ്മദ് നബിﷺ പറഞ്ഞതായി ഇമാം മുസ്‌ലിം രേഖപ്പെടുത്തുന്നു: 'വർഗീയതയിലേക്ക് ക്ഷണിക്കുകയോ വർഗീയതയെ സഹായിക്കുകയോ ചെയ്തുകൊണ്ടാണ് ഒരാൾ കൊല്ലപ്പെടുന്നതെങ്കിൽ അയാളുടെ മരണം അജ്ഞാനകാലത്തെ മരണമാകുന്നു."വർഗീയമായ മനസ്സുള്ള ഒരാൾക്ക് ഇസ്‌ലാമിക ആദർശം സ്വീകരിച്ച് ജീവിക്കാൻ സാധ്യമല്ല എന്നാണ് ഇതെല്ലാം പഠിപ്പിക്കുന്നത്.

ഇസ്‌ലാം വർഗീയതയെ അംഗീകരിക്കുന്നില്ലെന്ന് നാം മനസ്സിലാക്കിയതു



**രാഷ്ട്രശിൽപികൾ രൂപകൽപന ചെയ്ത ഇന്ത്യ മതേതരത്വത്തിൽ അധിഷ്ഠിതമാണെങ്കിൽ ഇന്ത്യയെ വർഗീയതയിൽ അധിഷ്ഠിതമായ ഒരു ഹിന്ദുത്വരാഷ്ട്രമാക്കാനുള്ള ഭഗീരഥ യത്നത്തിലാണ് ആർ.എസ്.എസ് നേതൃത്വം നൽകുന്ന സംഘപരിവാർ ശക്തികൾ. ഇതര മതങ്ങളെയും സംസ്കാരങ്ങളെയും ഇല്ലായ്മ ചെയ്തു ഏകശിലാത്മകമായ മതവും സംസ്കാരവും രാജ്യത്തിനുമേൽ അടിച്ചേൽപിക്കാൻ വേണ്ടിയുള്ള തന്ത്രങ്ങളും പദ്ധതികളും അവർ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നു.**

പോലെ തന്നെ ഇന്ത്യയിലെ ഇതര മതങ്ങളും വർഗീയതയെ അംഗീകരിക്കുന്നില്ല. ഇന്ത്യയിൽ മഹാഭൂരിപക്ഷം ഹൈന്ദവ ജനവിഭാഗങ്ങളാണ് ജീവിക്കുന്നത്. അവർ വർഗീയമായി ചിന്തിക്കുന്നവരല്ല. വിവിധ മതവിഭാഗങ്ങൾ സൗഹാർദത്തോടെ ജീവിക്കുന്ന നാടാണ് നമ്മുടേത്. വിവിധ മതങ്ങളുടെ സംഗമഭൂമിയാണത്. 'സകല ലോകങ്ങളെക്കാളും സുന്ദരമാണെന്റെ ഇന്ത്യ, നാം ആ പൂവാടിയിലെ രാപ്പാടികൾ മാത്രം, വൈവിധ്യമാർന്ന വിശ്വാസങ്ങൾ വിദ്വേഷമല്ല പഠിപ്പിക്കുന്നത്. നാമെല്ലാം ഇന്ത്യക്കാർ; ഇന്ത്യ നമ്മുടെ മാതൃഭൂമി' എന്ന ആശയം പഠിപ്പിക്കുന്ന 'സാരേ ജഹാം സേ അച്ഛാ, ഹിന്ദോസ്താം ഹമാരാ, ഹം ബുൽബുലേം ഹേം ഇസ് കീ, യഹ് ഗുൽസിതാം ഹമാരാ, മസ്ഹബ് നഹീം സിഖാതാ, ആപസ് മേം ബൈർ രഖ്നാ, ഹിന്ദീ ഹേം ഹം വതൻ ഹേം, ഹിന്ദോസ്താം ഹമാരാ' എന്ന ഇഖ്ബാലിന്റെ സുപ്രസിദ്ധമായ വരികൾ രാജ്യത്തിന്റെ ബഹുസ്വരവും വൈവിധ്യവും വിളിച്ചോതുന്നു. നൂറ്റാണ്ടുകൾ ഇന്ത്യ മുസ്‌ലിംകളും വിവിധ സാമ്രാജ്യത്വ ശക്തികളും ഭരിച്ചിട്ടും ഭാരതത്തിന്റെ നാനാത്വത്തിൽ ഏകത്വമെന്ന സങ്കല്പത്തെ തകർക്കാനോ വർഗീയതയെ കുടിയിരുത്താനോ ആർക്കും സാധിച്ചിട്ടില്ല. അത്രമാത്രം സുശക്തമാണ് നമ്മുടെ രാജ്യത്തിന്റെ മതേതരമനസ്സ്.

മത സംസ്കാര വൈവിധ്യങ്ങളെ നിരാകരിക്കാനോ അവയ്ക്ക് ഏകശിലാത്മകമായ നിയമങ്ങൾ ആവിഷ്കരിക്കാനോ ആയിരുന്നില്ല ഭാരതത്തിന്റെ ഹൃദയം തൊട്ടറിഞ്ഞ രാഷ്ട്രശിൽപികൾ ശ്രമിച്ചിരുന്നത്. വിവിധ വർണങ്ങളും വർഗങ്ങളും അധിവസിക്കുന്ന പൂങ്കാവനത്തിലെ വൈജാത്യങ്ങളെ അംഗീകരിച്ചും പരസ്പരം നുകർന്നും പുണർന്നും പരസ്പര സഹകരണത്തോടെ രാജ്യം ലക്ഷ്യമാക്കുന്ന സമാധാനവും സുരക്ഷിതത്വവും നേടിയെടുക്കുകയും അതേ സമയം വർണങ്ങളും സുഗന്ധങ്ങളും വാരി വിതറുന്ന പൂവാടിയിലെ ഓരോ ചെടികളുടെയും അസ്തിത്വത്തിനു വളവും വെള്ളവും നൽകി അവയെ നിലനിർത്തുകയും ചെയ്യുകയെന്ന വലിയ ദൗത്യമാണ് അവർ നിർവഹിച്ചു വന്നിരുന്നത്. ഇന്ത്യ ലോകത്തിനു സമ്മാനിച്ച മതേതരത്വത്തിനുള്ള വ്യഖ്യാനം വളരെ മഹത്തരമായ ഒന്നാണ്. മതങ്ങളുടെയും സംസ്കാരങ്ങളുടെയും കടയ്ക്കൽ കത്തി വെക്കുകയല്ല; മറിച്ച് അവയ്ക്കെല്ലാം വികസിക്കാനും വളർന്നു പന്തലിക്കുവാനുമുള്ള അവസരം നൽകുകയെന്നതാണ് ഇന്ത്യ പഠിപ്പിച്ച മതേതരത്വം. ആവിഷ്കാരത്തിനും അഭിപ്രായത്തിനുമുള്ള സ്വാതന്ത്ര്യം മനുഷ്യന്റെ മൗലികമായ അവകാശമായി ഇന്ത്യ കാണുന്നു.

രാഷ്ട്രശിൽപികൾ രൂപകൽപന ചെയ്ത ഇന്ത്യ ഇതാണെങ്കിൽ ഇന്ത്യയെ വർഗീയതയിൽ അധിഷ്ഠിതമായ ഒരു ഹിന്ദുത്വരാഷ്ട്രമാക്കാനുള്ള ഭഗീരഥ യത്നത്തിലാണ് ആർ.എസ്.എസ് നേതൃത്വം നൽകുന്ന സംഘപരിവാർ ശക്തികൾ. ഇതര മതങ്ങളെയും സംസ്കാരങ്ങളെയും ഇല്ലായ്മ ചെയ്തു ഏകശിലാത്മകമായ മതവും സംസ്കാരവും രാജ്യത്തിനുമേൽ അടിച്ചേൽപിക്കാൻ വേണ്ടിയുള്ള തന്ത്രങ്ങളും പദ്ധതികളും അവർ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നു. 2014ലെ ലോകസഭാ തെരഞ്ഞെടുപ്പിൽ മതേതര സംഘടനകളുടെ ദൗർബല്യങ്ങളും അനൈക്യവും മുതലെടുത്ത് ഒരു 'അച്ഛാ ദിൻ' സ്വപ്നം കാണാൻ രാജ്യത്തെ പാമരന്മാരായ ജനങ്ങളെ പഠിപ്പിച്ച് ഇന്ത്യയെ സ്വർണം വിളയിക്കുന്ന രാജ്യമാക്കുമെന്നു പറഞ്ഞ് മോഹിപ്പിച്ചുകൊണ്ടാണ് സംഘപരിവാർ മുന്നണി അധികാരത്തിലേറിയത്. സ്വതന്ത്ര ഭാരതത്തിൽ ആദ്യമായി സർക്കാർ മേൽനോട്ടത്തിൽ തന്നെ ന്യൂനപക്ഷങ്ങളും ദളിതുകളും വേട്ടയാടപ്പെട്ടു തുടങ്ങി. അവർക്ക് വേണ്ടി ശബ്ദിച്ച പല എഴുത്തുകാരും ബുദ്ധിജീവികളും മാധ്യമപ്രവർത്തകരും കൊലചെയ്യപ്പെട്ടു. നിരപരാധികളായ മഹാഭൂരിപക്ഷം ഹിന്ദുക്കളുടെ പേരിൽ ന്യൂനപക്ഷം വരുന്ന ഫാഷിസ്റ്റുകളുടെ നേതൃത്വത്തിൽ 'ഹിന്ദുത്വം' അഴിഞ്ഞാടി. വർഗീയത ഫണം നിവർത്തി ആടിത്തിമിർത്തു. പിഞ്ചു കുട്ടികൾ പോലും മതത്തിന്റെ പേരിൽ ക്രൂരമായി വധിക്കപ്പെട്ടു.

**2014ലെ ലോകസഭാ തെരഞ്ഞെടുപ്പിൽ മതേതര സംഘടനകളുടെ ദൗർബല്യങ്ങളും അനൈക്യവും മുതലെടുത്ത് ഒരു 'അച്ഛാ ദിൻ' സ്വപ്നം കാണാൻ രാജ്യത്തെ പാമരന്മാരായ ജനങ്ങളെ പഠിപ്പിച്ച് ഇന്ത്യയെ സ്വർണം വിളയിക്കുന്ന രാജ്യമാക്കുമെന്നു പറഞ്ഞ് മോഹിപ്പിച്ചുകൊണ്ടാണ് സംഘപരിവാർ മുന്നണി അധികാരത്തിലേറിയത്. സ്വതന്ത്ര ഭാരതത്തിൽ ആദ്യമായി സർക്കാർ മേൽനോട്ടത്തിൽ തന്നെ ന്യൂനപക്ഷങ്ങളും ദളിതുകളും വേട്ടയാടപ്പെട്ടു തുടങ്ങി. അവർക്ക് വേണ്ടി ശബ്ദിച്ച പല എഴുത്തുകാരും ബുദ്ധിജീവികളും മാധ്യമപ്രവർത്തകരും കൊല ചെയ്യപ്പെട്ടു.**

രാജ്യത്തെ മഹാഭൂരിപക്ഷമായ മതേതര ജനതക്കിടയിൽ നിലനിൽക്കുന്ന ഭിന്നതകളാണ് ഫാഷിസ്റ്റുകളുടെ ഈ കുതിപ്പിന് കാരണം. മതേതര ജനാധിപത്യ പ്രസ്ഥാനങ്ങൾ ഭിന്നിച്ചു പോവുകയും കേവലം ചില ആശയപരമായ ഭിന്നതയുടെ പേരിൽ പരസ്പരം സഹകരിക്കാതിരിക്കുകയും വ്യക്തികൾ തമ്മിലുള്ള അസ്വാരസ്യങ്ങൾ കാരണം പിളർന്നു പിളർന്നു ഗ്രൂപ്പുകളായിത്തീരുകയും ചെയ്യുന്ന സ്ഥിതി വന്നപ്പോൾ ഫാഷിസ്റ്റുകൾക്ക് പിടിച്ചുകയറാനുള്ള ഒരു ഏണിയായി അത് മാറി. മതേതര രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ വ്യാപകമായ അഴിമതികൾ ഉണ്ടെന്നു സമർഥിക്കാൻ ഫാഷിസ്റ്റുകൾക്ക് സാധിച്ചതോടെ മതേതര പ്രസ്ഥാനങ്ങളുടെ വിശ്വാസ്യതയും തകർന്നു തരിപ്പണമായി. ഇന്ത്യയിലെ ഹൈന്ദവ സമുദായം ഉൾക്കൊള്ളുന്ന മഹാഭൂരിപക്ഷം സുശക്തമായ ഒരു രാഷ്ട്രത്തിനു വേണ്ടി മതേതര ആശയങ്ങൾ അംഗീകരിച്ചുകൊണ്ട് പ്രവർത്തിക്കുന്നവരാണ്. ഫാഷിസ്റ്റുകൾക്ക് ശക്തമായ സ്വാധീനം ഉണ്ടെന്ന് അവർ അവകാശപ്പെടുന്ന സംസ്ഥാനങ്ങളിൽ ഹൈന്ദവ സമുദായത്തിലെ മതേതരവിശ്വാസികളുടെ വോട്ടുകൾ ഛിന്നഭിന്നമായത് മതേതര രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ തലപ്പത്തിരിക്കുന്നവരുടെ ഈഗോ ക്ലാഷുകൾ നിമിത്തം മാത്രമാണ്. അത് പരിഹരിക്കപ്പെടണമെങ്കിൽ രാഷ്ട്രശിൽപികൾ ഉയർത്തിപ്പിടിച്ച മൂല്യബോധം ആദർശമായി സ്വീകരിച്ച നിഷ്കാമികളുടെ നേതൃത്വം മതേതര പ്രസ്ഥാനങ്ങൾക്ക് അനിവാര്യമാണ്. പരസ്പരമുള്ള കുതികാൽവെട്ടും ഗ്രൂപ്പ് പ്രവർത്തനങ്ങളും സ്വാർഥ താൽപര്യങ്ങൾക്ക് വേണ്ടിയുള്ള രാഷ്ട്രീയ പ്രവർത്തനവും ഉപേക്ഷിച്ച് രാജ്യതാൽപര്യത്തിനു വേണ്ടി ഉറച്ചു നിൽക്കാനുള്ള മനക്കരുത്ത് നേതൃത്വത്തിലിരിക്കുന്നവർക്ക് ഉണ്ടാവണം.

രാജ്യം ഒരു പൊതുതെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം വർഗീയത നിറഞ്ഞാടിയ വളരെ ഭീതിതമായ സാഹചര്യത്തിലൂടെയാണ് രാജ്യം കടന്നുപോയത്. മതേതര ജനാധിപത്യ കക്ഷികൾ ഭിന്നതകൾ മാറ്റിവെച്ച് സംഘപരിവാറിന്റെ ഫാഷിസ്റ്റ് ഭരണത്തെ തൂത്തെറിയുക എന്ന ആത്യന്തിക ലക്ഷ്യം മുൻനിർത്തി വിശാലമുന്നണി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. മത സാംസ്കാരിക മേഖലകളിൽ പ്രവർത്തിക്കുന്നവർ അരാഷ്ട്രീയ കാഴ്ചപ്പാടുകൾ മാറ്റിവെച്ച് ഇത്തരം വിശാലമുന്നണികളെ സക്രിയമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മുന്നോട്ട് വരികയും വേണം. പാർലമെന്റ് തിരഞ്ഞെടുപ്പിൽ വളരെ നിർണായകമായ ഉത്തർപ്രദേശിൽ ബി.എസ്.പിയും എസ്.പിയും ചേർന്ന് മഹാസഖ്യം പ്രഖ്യാപിച്ചത് ആശാവഹമാണ്. കോൺഗ്രസ്സിന്റെ പരമ്പരാഗത സീറ്റുകളിൽ അവർക്കെതിരെ എസ്.പിയും ബി.എസ്.പിയും മത്സരിക്കില്ലെന്ന് പ്രഖ്യാപിച്ചതും വളരെ നല്ല കാര്യമാണ്. പക്ഷേ, യു.പിയിലെ 80 സീറ്റുകളിലും കോൺഗ്രസ്സ് മത്സരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് മതേതര മുന്നണിയിൽ വിള്ളലുണ്ടാക്കുമെന്നു തിരിച്ചറിഞ്ഞു യു.പി യിലെ മഹാസഖ്യത്തിന്റെ ഭാഗമായി നിൽക്കാൻ കോൺഗ്രസ്സിന് സാധിച്ചില്ലെങ്കിൽ വലിയ തിരിച്ചടി ഉണ്ടായേക്കാം. ഇടതു കക്ഷികളും ആം ആദ്മിയെ പോലെയുള്ള പാർട്ടികളും വിശാല മുന്നണിയുടെ ഭാഗമായി നിൽക്കാനാണ് ശ്രമിക്കേണ്ടത്. കഴിഞ്ഞ ലോകസഭാ തിരഞ്ഞെടുപ്പിൽ യു.പി.യിൽ ബി.ജെ.പിക്ക് ലഭിച്ചത് 42.3% വോട്ടുകൾ മാത്രമാണ്. അതേസമയം ബി. എസ്.പിയും എസ്.പിയും പരസ്പരം മത്സരിച്ച് നേടിയത് 41.8% വോട്ടുകളും. കോൺഗ്രസ്സും ഇടതുപക്ഷവും മറ്റു പാർട്ടികളും ഒരുമിച്ച് നിന്നാൽ വളരെ എളുപ്പം സംഘപരിവാർ ശക്തികളെ തൂത്തെറിയാൻ സാധിക്കുമെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്.

**രാജ്യത്തെ മഹാഭൂരിപക്ഷമായ മതേതര ജനതക്കിടയിൽ നിലനിൽക്കുന്ന ഭിന്നതകളാണ് ഫാഷിസ്റ്റുകളുടെ കുതിപ്പിന് കാരണം. മതേതര ജനാധിപത്യ പ്രസ്ഥാനങ്ങൾ ഭിന്നിച്ചു പോവുകയും കേവലം ചില ആശയപരമായ ഭിന്നതയുടെ പേരിൽ പരസ്പരം സഹകരിക്കാതിരിക്കുകയും വ്യക്തികൾ തമ്മിലുള്ള അസ്വാരസ്യങ്ങൾ കാരണം പിളർന്നു പിളർന്നു ഗ്രൂപ്പുകളായിത്തീരുകയും ചെയ്യുന്ന സ്ഥിതി വന്നപ്പോൾ ഫാഷിസ്റ്റുകൾക്ക് പിടിച്ചുകയറാനുള്ള ഒരു ഏണിയായി അത് മാറി. മതേതര രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ വ്യാപകമായ അഴിമതികൾ ഉണ്ടെന്നു സമർഥിക്കാൻ ഫാഷിസ്റ്റുകൾക്ക് സാധിച്ചതോടെ മതേതര പ്രസ്ഥാനങ്ങളുടെ വിശ്വാസ്യതയും തകർന്നു തരിപ്പണമായി.**

എല്ലാ മതവിഭാഗങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഭരണഘടനയുടെ 25 മുതൽ 28 വരെയുള്ള അനുച്ഛേദങ്ങൾ മതസ്വാതന്ത്ര്യത്തെ വളരെ വ്യക്തമായി പ്രഖ്യാപിക്കുന്നുണ്ട്. ഇഷ്ടമുള്ള മതം വിശ്വസിക്കുന്നതും അതനുസരിച്ച് ജീവിതം ക്രമപ്പെടുത്തുന്നതും അത് പ്രബോധനം ചെയ്യുന്നതും അതിനുവേണ്ടി സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതുമെല്ലാം മൗലികാവകാശമായി ഭരണഘടനയിൽ രേ

ഖപ്പെടുത്തിയിട്ടുണ്ട്. ഈ അവകാശങ്ങൾ നിലനിൽക്കണമെങ്കിൽ എല്ലാ മതങ്ങൾക്കും അവകാശം നൽകുകയും മതപരിഗണനകൾ കൂടാതെ പൗരന്മാർക്ക് അവകാശവും സ്വാതന്ത്ര്യവും സംരക്ഷണവും നൽകുന്ന ഒരു മതനിരപേക്ഷ സർക്കാർ അധികാരത്തിലെത്തണം. ഓരോരുത്തർക്കും അവർ ഇഷ്ടപ്പെടുന്ന മതം സ്വീകരിക്കാനും മതമൊന്നും വേണ്ടെന്നു വിശ്വസിക്കുന്നവർക്ക് മതനിരാസത്തെ അംഗീകരിക്കാനും ദൈവവിശ്വാസികൾക്ക് ദൈവ വിശ്വാസത്തെ പ്രചരിപ്പിക്കാനും നിരീശ്വരവാദികൾക്ക് നിരീശ്വരത്വത്തെ പ്രബോധനം ചെയ്യാനും മതത്തിന്റെ മതിൽകെട്ടുകളെ ഉൾകൊള്ളാൻ സാധിക്കാത്തവർക്ക് നിർമതവാദത്തെ പ്രോത്സാഹിപ്പിക്കാനുമൊക്കെയുള്ള സ്വാതന്ത്ര്യം ഭരണഘടന നൽകുന്നുണ്ട്. ഈ വൈവിധ്യം രാജ്യത്ത് നിലനിന്നെങ്കിൽ മാത്രമെ നാനാത്വത്തിൽ ഏകത്വം എന്ന രാജ്യത്തിന്റെ പ്രഖ്യാപിത മുദ്രാവാക്യത്തിന് പ്രസക്തിയുണ്ടാവുകയുള്ളൂ.


വർഗീയതക്കെതിരെ നിലപാടുകൾ പ്രഖ്യാപിക്കുമ്പോൾ ഭൂരിപക്ഷ വർഗീയതയെ പോലെ തന്നെ ന്യൂനപക്ഷ വർഗീയതയെയും തുറന്നെതിർക്കേണ്ടതുണ്ട്. ഭൂരിപക്ഷ തീവ്രവാദം പോലെ തന്നെ ന്യൂനപക്ഷ തീവ്രവാദവും വിമർശിക്കപ്പെടേണ്ടതുണ്ട്. രാജ്യം മുസ്‌ലിംകളടക്കമുള്ള മതന്യൂനപക്ഷങ്ങൾക്ക് നീതിയും നിയമപരിരക്ഷയും നൽകുമ്പോൾ ഏതാനും ഫാഷിസ്റ്റുകൾ കാണിക്കുന്ന അതിക്രമങ്ങളെ നേരിടാൻ നിയമം കയ്യിലെടുത്ത് അരാജകത്വം സൃഷ്ടിക്കുന്നത് നീതീകരിക്കാൻ സാധിക്കില്ല. പ്രകോപനപരമായ മുദ്രാവാക്യങ്ങൾ മുഴക്കിയും കുഴപ്പങ്ങൾ സൃഷ്ടിച്ചും ഭരണഘടനാ സ്ഥാപനങ്ങളെ പോലും വെല്ലുവിളിച്ചും ജുഡീഷ്യറിയെ അവഹേളിച്ചും കോടതികളിലേക്ക് മാർച്ച് നടത്തിയും നടത്തപ്പെടുന്ന പ്രതിഷേധ പരിപാടികൾക്കെതിരെ ന്യൂനപക്ഷങ്ങളിൽ നിന്ന് തന്നെ ശക്തമായ ബോധവൽക്കരണവും എതിർപ്പുമുണ്ടാവേണ്ടതുണ്ട്. ന്യൂനപക്ഷങ്ങളെ ഇളക്കിവിട്ടുകൊണ്ട് ചില തീവ്രസംഘടനകൾ കാണിക്കുന്ന ഹാലിളക്കങ്ങളും കോപ്രായങ്ങളും വഴി ഹിന്ദുത്വ ഭീകരർക്കാണ് നേട്ടമുണ്ടാവുക.

തീവ്രതയെ എതിർക്കുന്നവരെയൊക്കെ ഹൈന്ദവ ഫാഷിസ്റ്റുകളെ പ്രീണിപ്പിക്കാൻ ശ്രമിക്കുന്ന ഭീരുക്കളായി ചിത്രീകരിക്കാനാണ് ഇവർ ശ്രമിക്കുന്നത്. ഇവരിൽ നിന്നും സമുദായത്തെ രക്ഷപ്പെടുത്തി സാമുദായിക സങ്കുചിതത്വവും വർഗീയവൈരവും അതിക്രമങ്ങളും ഇസ്‌ലാമിന് തികച്ചും വിരുദ്ധമാണെന്ന യാഥാർഥ്യം മുസ്‌ലിം ബഹുജനങ്ങളെ ബോധ്യപ്പെടുത്തേണ്ട ഉത്തരവാദിത്തം യഥാർഥ മതപ്രബോധകർക്കുണ്ട്. ഫാഷിസ്റ്റുകൾക്കെതിരെ പ്രതിരോധം തീർക്കേണ്ടത് ഇരുട്ടിൻ മറവിലല്ല. അതിക്രമങ്ങളിലൂടെയോ അപ്രഖ്യാപിത ഹർത്താലുകളിലൂടെയോ അല്ല. ജനങ്ങളിൽ ഭീതി വളർത്തിയുമല്ല. മറിച്ച് സുതാര്യമായ ബോധവൽക്കരണത്തിലൂടെ രാജ്യത്തെ ഹൈന്ദവ, ക്രൈസ്തവ, മുസ്‌ലിം, സിഖ്, ബുദ്ധ, ജൈന വിഭാഗങ്ങളിലെ മതനിരപേക്ഷതയെ നെഞ്ചിലേറ്റിയ ഭൂരിപക്ഷം വരുന്ന ജനതയുടെ ഏകീകരണത്തിലൂടെയാണ് വേണ്ടത്. മതങ്ങൾക്കിടയിലും സമുദായങ്ങൾക്കിടയിലും പരസ്പര സംശയങ്ങൾ ഉണ്ടായേക്കാവുന്ന സാഹചര്യങ്ങൾ ഇല്ലാതാക്കി പരസ്പര വിശ്വാസം ഉണ്ടാക്കി അയൽപക്കങ്ങളിലും നാട്ടുകൂട്ടങ്ങളിലും ജാതിമത വ്യത്യാസങ്ങൾക്കതീതമായ സൗഹൃദങ്ങൾ വളർത്തിയെടുത്തും മതേതരത്വത്തെ പ്രചരിപ്പിക്കാനുള്ള പദ്ധതികളാണ് ന്യൂനപക്ഷ വിഭാഗങ്ങളിൽ നിന്നും ഉണ്ടാവേണ്ടത്.

മതം പഠിപ്പിക്കുന്നത് സമാധാനവും സഹനവും സഹിഷ്ണുതയുമാണ്. അറിയുന്നവരോ അറിയാത്തവരോ ആയ ആരോടും നിങ്ങൾക്ക് ശാന്തിയും സമാധാനവുമുണ്ടാകട്ടെ എന്ന് പറയാനാണ് മതം പഠിപ്പിക്കുന്നത്. മനസ്സിൽ തട്ടാത്ത ഒരു ഉപചാര വചനമല്ല, ആത്മാർഥമായ പ്രാർഥനയാണത്. അവിവേകികളിൽ നിന്നും മോശമായ പ്രവണതകൾ ഉണ്ടായാൽ അവരോട് മോശമായി പ്രതികരിക്കുന്നതിനു പകരം സമാധാനം ആശംസിക്കാനാണ് ക്വുർആൻ ഉൽബോധിപ്പിച്ചത്. ഇസ്‌ലാം എന്ന പദം തന്നെ സമാധാനം എന്ന മഹത്തായ ആശയത്തെയാണ് പ്രതിനിധീകരിക്കുന്നത്. സ്രഷ്ടാവിന് പൂർണമായും സമർപ്പിക്കുക എന്നതാണ് മറ്റൊരു ആശയം. ഇസ്‌ലാമിനെ ഒരു ആദർശമായി സ്വീകരിക്കുന്ന വ്യക്തി അതിലൂടെ സ്വയം സമാധാനം കൈവരിക്കുകയും ഇതരർക്ക് സമാധാനം ഉറപ്പ് വരുത്തുകയുമാണ് ചെയ്യുന്നത്.

വർഗീയതയുടെ സകല ചങ്ങലക്കെട്ടുകളും പൊട്ടിച്ചെറിഞ്ഞ്, രാജ്യത്തെ പൗരന്മാർക്കിടയിൽ ഭിന്നതകളും ചേരിതിരിവുകളും സൃഷ്ടിക്കുന്ന മുഴുവൻ മതിൽകെട്ടുകളെയും തകർത്തെറിഞ്ഞ് സൗഹാർദത്തിന്റെയും സഹിഷ്ണുതയുടെയും സഹവർത്തിത്വത്തിന്റെയും സന്ദേശങ്ങൾ പ്രചരിപ്പിച്ച് വർഗീയതക്കെതിരെ മതേതര കൂട്ടായ്മകൾ സൃഷ്ടിക്കാൻ നാം തയ്യാറാവുക; നമ്മുടെ നാടിന്റെ സുരക്ഷക്ക് വേണ്ടി. ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം




അധ്യായം: 82

# ഇൻഫിത്വാർ (പൊട്ടിക്കീറൽ)

മക്കയിൽ അവതരിച്ചത്

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

إِذَا السَّمَاءُ انفَطَرَتْ ﴿١﴾ وَإِذَا الْكَوَاكِبُ
انتَثَرَتْ ﴿٢﴾ وَإِذَا الْبِحَارُ فُجِّرَتْ ﴿٣﴾ وَإِذَا
الْقُبُورُ بُعْثِرَتْ ﴿٤﴾ عَلِمَتْ نَفْسٌ مَّا
قَدَّمَتْ وَأَخَّرَتْ ﴿٥﴾ يَا أَيُّهَا الْإِنسَانُ مَا
غَرَّكَ بِرَبِّكَ الْكَرِيمِ ﴿٦﴾

1. ആകാശം പൊട്ടിപ്പിളരുമ്പോൾ.
2. നക്ഷത്രങ്ങൾ കൊഴിഞ്ഞുവീഴുമ്പോൾ.
3. സമുദ്രങ്ങൾ പൊട്ടി ഒഴുകുമ്പോൾ.
4. ക്വബ്റുകൾ ഇളക്കിമറിക്കപ്പെടുമ്പോൾ.
5. ഓരോ വ്യക്തിയും താൻ മുൻകൂട്ടി ചെയ്തുവെച്ചതും പിന്നോട്ട് മാറ്റിവെച്ചതും എന്താണെന്ന് അറിയുന്നതാണ്.
6. ഹേ; മനുഷ്യാ, ഉദാരനായ നിന്റെ രക്ഷിതാവിന്റെ കാര്യത്തിൽ നിന്നെ വഞ്ചിച്ചു കളഞ്ഞതെന്താണ്?

غَرَّكَ بِرَبِّكَ ٱلۡكَرِيمِ ﴿٦﴾ ٱلَّذِي خَلَقَكَ
فَسَوَّىٰكَ فَعَدَلَكَ ﴿٧﴾ فِيٓ أَيِّ صُورَةٖ مَّا شَآءَ
رَكَّبَكَ ﴿٨﴾ كَلَّا بَلۡ تُكَذِّبُونَ بِٱلدِّينِ ﴿٩﴾
وَإِنَّ عَلَيۡكُمۡ لَحَٰفِظِينَ ﴿١٠﴾ كِرَامٗا كَٰتِبِينَ
﴿١١﴾ يَعۡلَمُونَ مَا تَفۡعَلُونَ ﴿١٢﴾ إِنَّ ٱلۡأَبۡرَارَ لَفِي
نَعِيمٖ ﴿١٣﴾ وَإِنَّ ٱلۡفُجَّارَ لَفِي جَحِيمٖ ﴿١٤﴾
يَصۡلَوۡنَهَا يَوۡمَ ٱلدِّينِ ﴿١٥﴾ وَمَا هُمۡ عَنۡهَا بِغَآئِبِينَ
﴿١٦﴾ وَمَآ أَدۡرَىٰكَ مَا يَوۡمُ ٱلدِّينِ ﴿١٧﴾ ثُمَّ مَآ
أَدۡرَىٰكَ مَا يَوۡمُ ٱلدِّينِ ﴿١٨﴾ يَوۡمَ لَا تَمۡلِكُ
نَفۡسٞ لِّنَفۡسٖ شَيۡـٔٗاۖ وَٱلۡأَمۡرُ يَوۡمَئِذٖ لِّلَّهِ
﴿١٩﴾

7. നിന്നെ സൃഷ്ടിക്കുകയും നിന്നെ സംവിധാനിക്കുകയും നിന്നെ ശരിയായ അവസ്ഥയിലാക്കുകയും ചെയ്തവനത്രെ അവൻ.
8. താൻ ഉദ്ദേശിച്ച രൂപത്തിൽ നിന്നെ സംഘടിപ്പിച്ചവൻ.
9. അല്ല; പക്ഷേ, പ്രതിഫല നടപടിയെ നിങ്ങൾ നിഷേധിച്ചു തള്ളുന്നു.
10. തീർച്ചയായും നിങ്ങളുടെ മേൽ ചില മേൽനോട്ടക്കാരുണ്ട്.
11. രേഖപ്പെടുത്തിവെക്കുന്ന ചില മാന്യൻമാർ.
12. നിങ്ങൾ പ്രവർത്തിക്കുന്നത് അവർ അറിയുന്നു.
13. തീർച്ചയായും സുകൃതവാൻമാർ സുഖാനുഭവത്തിൽ തന്നെയായിരിക്കും.
14. തീർച്ചയായും ദുർമാർഗികൾ ജ്വലിക്കുന്ന നരകാഗ്നിയിൽ തന്നെയായിരിക്കും
15. പ്രതിഫലത്തിന്റെ നാളിൽ അവരതിൽ കടന്ന് എരിയുന്നതാണ്.
16. അവർക്ക് അതിൽ നിന്ന് മാറിനിൽക്കാനാവില്ല.
17. പ്രതിഫലനടപടിയുടെ ദിവസം എന്നാൽ എന്താണെന്ന് നിനക്കറിയുമോ?
18. വീണ്ടും; പ്രതിഫല നടപടിയുടെ ദിവസം എന്നാൽ എന്താണെന്ന് നിനക്കറിയുമോ?
19. ഒരാൾക്കും മറ്റൊരാൾക്കു വേണ്ടി യാതൊന്നും അധീനപ്പെടുത്താനാവാത്ത ഒരു ദിവസം. അന്നേ ദിവസം കൈകാര്യകർതൃത്വം അല്ലാഹുവിന്നായിരിക്കും.

(1-5) ആകാശം പൊട്ടിപ്പിളരുകയും നക്ഷത്രങ്ങൾ ഉതിർന്ന് വീഴുകയും അവയുടെ ഭംഗി നഷ്ടപ്പെടുകയും കടലുകൾ പൊട്ടിയൊഴുകി ഒരു കടലായിത്തീരുകയും ക്വബ്റുകൾ ഇളക്കി മറിക്കപ്പെട്ട് അതിനുള്ളിലുള്ള മരണപ്പെട്ടവർ പുറംതള്ളപ്പെടുകയും ചെയ്യും. പ്രവർത്തനങ്ങളുടെ പ്രതിഫലത്തിനായി അല്ലാഹുവിന്റെ മുമ്പിൽ അവർ ഒരുമിച്ചുകൂട്ടപ്പെടും. അന്നേരം മൂടികൾ വെളിവാകും. രഹസ്യങ്ങൾ നീങ്ങും. ഓരോരുത്തരും തങ്ങളുടെ ലാഭനഷ്ടങ്ങളറിയും. പ്രവർത്തനങ്ങൾ നിഷ്ഫലമാണെന്ന് കാണുമ്പോൾ, തുലാസ് കനം കുറഞ്ഞതാണെന്ന് അറിയുമ്പോൾ അക്രമി അവിടെ വെച്ച് വിരൽ കടിക്കും. അവന്റെ അക്രമങ്ങൾ അവനെ തേടിവരും. തിന്മകൾ അവരുടെ മുന്നിൽ ഹാജരാകും. തുടർന്നുകൊണ്ടിരിക്കുന്ന ശിക്ഷയും നിത്യദൗർഭാഗ്യവും അവന് ഉറപ്പാകും. നന്മകൾ ചെയ്തുവെച്ച സദ്‌വൃത്തർ നരകമോചനത്താലും നിത്യസുഖങ്ങളാലും മഹത്തായ വിജയം വരിക്കും.

(6-12) തന്റെ രക്ഷിതാവ് കോപിക്കുന്ന കാര്യങ്ങൾക്ക് ധൈര്യപ്പെടുകയും അവനോടുള്ള കടമകളിൽ കുറവ് വരുത്തുകയും ചെയ്യുന്ന മനുഷ്യനെ ആക്ഷേപിച്ചുകൊണ്ട് അല്ലാഹു പറയുന്നു: (ഹേ മനുഷ്യാ, ഉദാരനായ നിന്റെ രക്ഷിതാവിന്റെ കാര്യത്തിൽ നിന്നെ വഞ്ചിച്ച് കളഞ്ഞതെന്താണ്?) അവനോടുള്ള കടമകളെ നിസ്സാരമാക്കി, അവന്റെ ശിക്ഷയെ വില വെക്കാതെ, അവന്റെ പ്രതിഫലത്തിൽ വിശ്വസിക്കാതെ. അവനല്ലയോ (നിന്നെ സൃ

**അന്ത്യനാൾ സംഭവിക്കുമ്പോൾ ആകാശം പൊട്ടിപ്പിളരുകയും നക്ഷത്രങ്ങൾ ഉതിർന്ന് വീഴുകയും അവയുടെ ഭംഗി നഷ്ടപ്പെടുകയും കടലുകൾ പൊട്ടിയൊഴുകി ഒരു കടലായിത്തീരുകയും ക്വബ്‌റുകൾ ഇളക്കി മറിക്കപ്പെട്ട് അതിനുള്ളിലുള്ള മരണപ്പെട്ടവർ പുറംതള്ളപ്പെടുകയും ചെയ്യും. പ്രവർത്തനങ്ങളുടെ പ്രതിഫലത്തിനായി അല്ലാഹുവിന്റെ മുമ്പിൽ അവർ ഒരുമിച്ചു കൂട്ടപ്പെടും. അന്നേരം മൂടികൾ വെളിവാകും. രഹസ്യങ്ങൾ നീങ്ങും. ഓരോരുത്തരും തങ്ങളുടെ ലാഭനഷ്ടങ്ങളറിയും.**

ഷ്ടിക്കുകയും സംവിധാനിക്കുകയും ചെയ്തവൻ) ഏറ്റവും നല്ല ഘടനയിൽ (ശരിയായ അവസ്ഥയിൽ ആക്കുകയും ചെയ്തു) മനോഹരമായി, ഏറ്റവും നല്ല രൂപത്തിൽ, ശരിയായ അവസ്ഥയിൽ അവൻ നിന്നെ ഘടിപ്പിച്ചുണ്ടാക്കി. ഈ അനുഗ്രഹങ്ങൾ നൽകിയവന്റെ അനുഗ്രഹങ്ങൾക്ക് നന്ദികേട് കാണിക്കൽ നിനക്ക് യോജിച്ചതാണോ? നിനക്ക് ഉപകാരം ചെയ്തവന്റെ ഉപകാരങ്ങളെ നിഷേധിക്കൽ നിനക്ക് പറ്റിയതാണോ? ഇതെല്ലാം നിന്റെ അറിവില്ലായ്മയും അക്രമവും ധികക്കാരവും മാത്രമാണ്.

നായയെയും കഴുതയെയും പോലുള്ള മൃഗങ്ങളുടെ രൂപം നിനക്ക് നൽകാത്തതിൽ നീ അല്ലാഹുവിനെ സ്തുതിക്കുക. അതാണ് അല്ലാഹു പറഞ്ഞത്. (താനുദ്ദേശിച്ച രൂപത്തിൽ നിന്നെ സംഘടിപ്പിക്കുകയും ചെയ്തവനത്രെ അവൻ) എന്ന്.

(അല്ല പക്ഷേ, പ്രതിഫല നടപടിയെ നിങ്ങൾ നിഷേധിച്ചുതള്ളുന്നു). ഈ ഉൽബോധനങ്ങളും ഉപദേശങ്ങളുമൊക്കെ ഉണ്ടായിട്ടും പ്രതിഫലത്തെ കളവാക്കുന്നത് നിങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. നിങ്ങൾ നിങ്ങളുടെ പ്രവർത്തനങ്ങളെ പരിശോധിക്കണം. നിങ്ങളുടെ പ്രവർത്തനങ്ങളും വാക്കുകളും രേഖപ്പെടുത്താൻ അല്ലാഹു നിങ്ങളുടെ മേൽ മാന്യന്മാരായ മലക്കുകളെ നിശ്ചയിച്ചിട്ടുണ്ട്. അവർ നിങ്ങളുടെ പ്രവർത്തനങ്ങളെ കണ്ടുകൊണ്ടിരിക്കുന്നു. ഇതിൽ ഹൃദയങ്ങളുടെയും അവയവങ്ങളുടെയും പ്രവർത്തനങ്ങൾ ഉൾപ്പെടും. നിങ്ങൾക്ക് നല്ലത് അവനെ ആദരിക്കലും മഹത്വപ്പെടുത്തലും ബഹുമാനിക്കലുമാണ്.

(13-19) പുണ്യവാന്മാരെക്കൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവിനോടും അവന്റെ അടിമകളോടുമുള്ള ബാധ്യതകൾ നിർവഹിക്കുന്നവരും ഹൃദയത്തിന്റെയും ശരീരത്തിന്റെയും പ്രവർത്തനത്തിൽ പുണ്യകരമായതിൽ ഉറച്ചുനിൽക്കുന്നവരുമാണ്. ഇവർക്കാകട്ടെ ഈ ലോകത്തും ക്വബ്‌റിലും പരലോകത്തും ശരീരത്തിനും ആത്മാവിനും ഹൃദയത്തിനും സുഖ ജീവിതമാണ് പ്രതിഫലമായിട്ടുള്ളത്.

(തീർച്ചയായും ദുർമാർഗികൾ) അല്ലാഹുവോടും അവന്റെ അടിമകളോടുമുള്ള കടമകളിൽ വീഴ്ച വരുത്തുന്നവരും ഹൃദയത്തിന്റെയും ശരീരത്തിന്റെയും പ്രവർത്തനങ്ങൾ തിന്മയിലാവുകയും ചെയ്തവർ (ജ്വലിക്കുന്ന നരകാഗ്നിയിൽ തന്നെയായിരിക്കും). സ്ഥിരതാമസത്തിന്റെ പരലോക ഭവനത്തിലും ക്വബ്‌റിലും ഇഹലോകത്തും വേദനിക്കുന്ന ശിക്ഷ. (അവരതിൽ കടന്നെരിയുന്നതാണ്). കഠിനമായ ശിക്ഷ അതിൽ ശിക്ഷിക്കപ്പെടും. (പ്രതിഫലത്തിന്റെ നാളിൽ) അതായത് പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകുന്ന ദിനത്തിൽ. (അവർക്ക് അതിൽ നിന്ന് മാറിനിൽക്കാനാവില്ല). അവരതിൽ തന്നെ പുറത്തുപോകാതെ കഴിഞ്ഞുകൂടുന്നവരാണ്. (പ്രതിഫലനടപടിയുടെ ദിവസം എന്നാൽ എന്താണെന്ന് നിനക്കറിയാമോ?) ബുദ്ധികൾ പരിഭ്രമിച്ച് പോകുന്ന കഠിനമായ ഒരു ദിനത്തിന്റെ ഭീകരാവസ്ഥ ഇതിൽ വ്യക്തമാണ്.

(ഒരാൾക്ക് മറ്റൊരാൾക്കു വേണ്ടി യാതൊന്നും അധീനപ്പെടുത്താനാവാത്ത ഒരു ദിവസം). ഏറ്റവും അടുത്ത ബന്ധുവായിരുന്നാലും മറ്റുള്ളവരുടെ രക്ഷക്ക് താൽപര്യപ്പെടാത്ത വിധം സ്വന്തം കാര്യത്തിൽ അവർ നിരതരായിരിക്കും. (അന്നേ ദിവസം കൈകാര്യ കർതൃത്വം അല്ലാഹുവിന്നായിരിക്കും). അവൻ അടിമകൾക്കിടയിൽ തീർപ്പ് കൽപിക്കും. അക്രമിയിൽ നിന്നും അക്രമിക്കപ്പെട്ടവൻ തന്റെ അവകാശങ്ങൾ എടുക്കും. (അല്ലാഹു അഅ്‌ലം) ●

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, PB.NO: 597, Kallai Road
Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

നിസാം
mail@nerpatham.com





# മൂത്രാശയക്കല്ല് കാരണങ്ങളും ലക്ഷണങ്ങളും


ശാരീരിക പ്രവർത്തനങ്ങളിലെ വൈകല്യം, ജനിതകഘടകങ്ങൾ, ആഹാരരീതി, വെള്ളം കുടിക്കുന്നതിലെ കുറവ് എന്നിവയൊക്കെ കല്ലുകൾക്ക് കാരണമായിത്തീരാം. സാധാരണയായി കല്ലുകൾ കുട്ടികളിൽ കാണപ്പെടുന്നില്ല. അഥവാ ഉണ്ടാകുകയാണെങ്കിലും എൻസൈം ഹോർമോണുകളുടെ അഭാവത്താൽ ഉണ്ടാകുന്ന മെറ്റബോളിക് സ്റ്റോൺ ഡിസീസ് മൂലമാകാനാണ് സാധ്യത. 20–50 വയസ്സിനിടയിലുള്ളവരെയാണ് കല്ലിന്റെ പ്രശ്നങ്ങൾ കൂടുതലായി ബാധിച്ചുകാണുന്നത്. സ്ത്രീകളിലും പുരുഷന്മാരിലും വൃക്കയിലെ കല്ല് ഉണ്ടാകാറുണ്ട്. എന്നാൽ പുരുഷന്മാരിൽ കല്ല് ഉണ്ടാകാനുള്ള സാധ്യത താരതമ്യേന കൂടുതലാണ്. ചില കല്ലുകൾ പാരമ്പര്യ സ്വഭാവമുള്ളവയാണ്. കുടുംബത്തിൽ അടുത്ത ബന്ധുക്കൾക്ക് ആർക്കെങ്കിലും കല്ലുണ്ടെങ്കിൽ അടുത്ത തലമുറയിലും അത് ഉണ്ടാകാനുള്ള സാധ്യത ഇരട്ടിയാണ്. ചൂടു കൂടുതലുള്ളതും വരണ്ടതുമായ സ്ഥലങ്ങളിൽ താമസിക്കുന്നവരിൽ വൃക്കയിലെ കല്ല് ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്. പൊണ്ണത്തടിയന്മാരുടെ എണ്ണം കൂടിവരുകയാണല്ലോ ഇന്ന്. ഇതും യൂറിക് ആസിഡ് കല്ലുള്ളവരുടെ എണ്ണം വർധിക്കാൻ കാരണമായിട്ടുണ്ട്.

### ലക്ഷണങ്ങൾ

കല്ലിന്റെ വലിപ്പം, സ്ഥാനം, അനക്കം എന്നിവയനുസരിച്ച് ലക്ഷണങ്ങളും വ്യത്യസ്തമായിരിക്കും. കല്ലുകൾ വൃക്കയിൽതന്നെ ഇരിക്കുമ്പോൾ ലക്ഷണങ്ങളൊന്നും കാണിച്ചെന്നുവരില്ല. ഇറങ്ങി വരുമ്പോഴാണ് ലക്ഷണങ്ങൾ പ്രകടമാകുന്നത്.

### വയറുവേദന

വയറുവേദനയാണ് വൃക്കയിലെ കല്ലിന്റെ ആദ്യ ലക്ഷണം. കല്ല് വൃക്കയിൽനിന്ന് ഇറങ്ങി വരുമ്പോഴാണ് വയറിന്റെ വശങ്ങളിൽനിന്നും പുറകിൽനിന്നും കടുത്ത വേദന അനുഭവപ്പെടുന്നത്. തുടർന്ന് അടിവയറ്റിലും തുടയിലേക്കും വ്യാപിക്കുന്നു. ജനനേന്ദ്രിയത്തിൽവരെ വേദന അനുഭവപ്പെടാം. ഒരിടത്ത് ഇരിക്കാനോ കിടക്കാനോ കഴിയാതെ വേദനകൊണ്ട് രോഗി പിടയും. വൃക്കയിലുണ്ടാകുന്ന കല്ലുകൾ അവിടുത്തെ അറകളിൽ തങ്ങിനിൽക്കുന്നതിനെക്കാൾ വലിപ്പമാകുമ്പോൾ തെന്നി മൂത്രവാഹിനിയിൽ എത്തുന്നു. അപ്പോൾ കഠിനമായ വേദനയുണ്ടാകാം.




മൂത്രവാഹിനിക്കകത്തുകൂടി എളുപ്പത്തിൽ പോകാവുന്ന വലിപ്പമെ കല്ലുകൾക്ക് ഉള്ളൂവെങ്കിൽ ഒഴുകി മൂത്രസഞ്ചിയിലെത്തും. എന്നാൽ കല്ലിന് വലിപ്പക്കൂടുതലുണ്ടെങ്കിൽ മൂത്രവാഹിനിയിൽ എവിടെയെങ്കിലും തങ്ങിനിൽക്കാം. അല്ലെങ്കിൽ പോകുന്ന വഴിയിൽ ഉരഞ്ഞ് വേദനയുണ്ടാക്കാം. ചിലപ്പോൾ കല്ലുകൾ മൂത്രത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തുന്ന രീതിയിൽ തടഞ്ഞുനിൽക്കാം. ഇത് വളരെ ഗുരുതരമായ അവസ്ഥയാണ്. അപൂർവമായി മാത്രമെ ഇത് കണ്ടുവരുന്നുള്ളൂ. വൃക്കയിൽനിന്ന് കല്ല് മൂത്രസഞ്ചിയലെത്തിയാൽ അതിനെ പുറത്തുകളയാനായിരിക്കും ശരീരം ശ്രമിക്കുന്നത്. എന്നാൽ വലിയ കല്ലുകളാണെങ്കിൽ അത് പുറത്തുപോകാതെ അവിടെ തങ്ങിനിൽക്കാം. ചെറിയ കല്ലുകളാണെങ്കിൽ അത് പുറത്തു പോകുന്നതാണ്. സാധാരണയായി 48 മണിക്കൂർ മുതൽ ഒരാഴ്ചവരെ നീണ്ടുനിൽക്കുന്ന വേദനയാണിത്.

### മൂത്രത്തിന്റെ നിറവ്യത്യാസം

കൂർത്തവശങ്ങളോ മുനകളോ ഉള്ള കല്ലുകൾ മൂത്രവാഹിനിയിലെ നേരിയ പാളിയിൽ വിള്ളലുകളുണ്ടാക്കാം. ഇതുവഴി രക്തം വന്ന് മൂത്രത്തിൽ കലരുന്നു. അതിനാൽ മൂത്രം ഒഴിക്കുമ്പോൾ രക്തം കലർന്നു പോകുന്നതായി കാണാൻ സാധിക്കും.

### മൂത്രതടസ്സം

രണ്ടുവൃക്കകളിലും കല്ലുണ്ടെങ്കിൽ ഇത് മൂത്രവാഹിനിയെ പൂർണമായും തടസ്സപ്പെടുത്താം. ഇത് മൂത്രതടസ്സത്തിനും വൃക്ക പരാജയത്തിനും കാരണമായിത്തീരുന്നു. മൂത്രത്തിലെ കല്ലുകൾ ആരംഭത്തിലേ കണ്ടെത്തി ശരിയായ ചികിത്സ ലഭ്യമാക്കിയില്ലെങ്കിൽ ഭാവിയിൽ വൃക്കപരാജയത്തിന് കാരണമാകാം. 80-85 ശതമാനം കല്ലുകൾ തനിയെ മൂത്രത്തിലൂടെ ശരീരത്തുനിന്നു പുറത്തു പോകാറുണ്ട്. കുഴപ്പങ്ങളൊന്നും ഉണ്ടാകുന്നില്ല. ചെറിയ കല്ലുകൾ ഇങ്ങനെയാണ് പുറത്തു പോകുന്നത്. എന്നാൽ 20-25 ശതമാനം കല്ലുകൾക്ക് വിദഗ്ധ ചികിത്സ ആവശ്യമായി വരുന്നു.

ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ
drshanavasparavanna@gmail.com

ലേഖനം

**വിശുദ്ധ ക്വുർആൻ പരിഭാഷയും മലയാളികളും 5**



# സെമസ്റ്റർ സംവിധാനവുമായി മക്വ്ദി തങ്ങളുടെ മതപാഠശാലകൾ

**തി**രിച്ചറിവിനാണ് മതത്തിൽ മറ്റെന്തിനെക്കാളും മുൻഗണന. ക്വുർആനിലെ ആദ്യവചനത്തിന്റെ അന്തസ്സത്തയും അതുതന്നെ. ആത്മസായൂജ്യം ആലസ്യമുണ്ടാക്കുമ്പോൾ, വിമർശനങ്ങളാണ് പാകക്കേടുകൾ നന്നാക്കാനുതകുക. പക്ഷേ, മക്വ്ദി തങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവന്നത് പരാജിതവും നിഷേധാത്മകവും അടഞ്ഞതുമായ ഒരു സമുദായത്തെയായിരുന്നു. പുതിയ എന്തിനോടും യുദ്ധക്കളം തീർത്ത്, പഴമയുടെ പുറന്തോടിൽ സുഖനിദ്ര കൊള്ളാനുള്ള വ്യഗ്രതയാണ് സമുദായം കാട്ടിയത്. ധീരമായ ചിന്തക്കോ പരീക്ഷണങ്ങൾക്കോ അവിടെ ഇടമില്ലായിരുന്നു. ബുദ്ധിക്കും അറിവിനും നേരെ പുറംതിരിഞ്ഞുനിന്നിരുന്ന അത് വേദഗ്രന്ഥത്തെ പോലും മാതൃഭാഷയിലൂടെ മനസ്സിലാക്കാനോ, അ

തിന്റെ സാരവും വിശുദ്ധിയും ലാളിത്യവും ഗ്രഹിക്കാനോ കൂട്ടാക്കിയില്ല. ഖുർആൻ പരിഭാഷ പുറത്തിറക്കാൻ ആര് ശ്രമിച്ചാലും അതിന്റെ പ്രതികളെടുത്ത് കടലിൽ തള്ളുക എന്ന ഏക പോംവഴിക്കപ്പുറം അതിനെ ജീവിത സംസ്കാരത്തിന്റെ ഉപാധിയാക്കാനുള്ള തിരിച്ചറിവ് അത് കൈവരിച്ചിട്ടുണ്ടായിരുന്നില്ല. മതമേലങ്കിയണിഞ്ഞ് അതിന്റെ രക്ഷകദൗത്യം ഏറ്റെടുത്ത കപടസിദ്ധന്മാരുടെ ചതിക്കുഴികളിൽ വീണ് അത് പ്രാണനുവേണ്ടി പിടയുകയായിരുന്നു. അതിൽ നിന്ന് സമുദായത്തെ കരകയറ്റുക എന്ന ഭാരിച്ച ദൗത്യം നിർവഹിക്കാനാണ് മക്ക്ദി തങ്ങൾ മുന്നോട്ടുവന്നത്.

### ഇരുട്ടിനെതിരെ ചതുർമുഖ യുദ്ധചാതുര്യം

ഇ.കെ. മൗലവി[1] 'കേരളത്തിലെ ഇസ്‌ലാഹീ പ്രസ്ഥാനം' എന്ന ശീർഷകത്തിൽ 'അൽമുർശിദ്' മലയാളം മാസികയിൽ 16 ലക്കങ്ങളായി പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ ആദ്യ രണ്ട് ഭാഗങ്ങൾ മക്ക്ദി തങ്ങൾക്കായാണ് നീക്കിവെച്ചിരിക്കുന്നത്. അതിലെ പ്രസക്തഭാഗങ്ങൾ ഇവിടെ വായിക്കാം:

"മക്ക്ദി തങ്ങൾ കേരളീയനായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ മാതാപിതാക്കൾ കേരളീയരായിരുന്നില്ല. പിതാവ് ഹാശിമീവംശത്തിൽ പെട്ട ഒരു സയ്യിദും[3] മാതാവ് മുഗൾ[4] വംശജയുമായിരുന്നു. വെള്ളക്കാർ ഇന്ത്യ പിടിച്ചടക്കിയപ്പോൾ കോഴിക്കോട് ഹജൂറിൽ[5] പേർഷ്യൻ ഭാഷയിലുള്ള വളരെയധികം ഫയലുകൾ ഉണ്ടായിരുന്നു. അവ പരിഭാഷപ്പെടുത്തുന്ന ജോലിക്ക് നിയമിതനായത് ഥനാഉല്ലാ മക്ക്ദി തങ്ങളുടെ പിതാവാണ്. പിതാവിന്റെ മരണാനന്തരം ഥനാഉല്ലാ മക്ക്ദി തങ്ങൾ സാൾട്ടുവകുപ്പിൽ[6] ഒരു ഉദ്യോഗസ്ഥനായി നിയമിക്കപ്പെട്ടു."[7]

മക്ക്ദി തങ്ങൾ പറയുന്നു: "ഞാൻ പതിവായി എന്നും കുന്നംകുളത്തും ചാവക്കാട്ടും പോകാറുണ്ടായിരുന്നു. അവിടങ്ങളിൽ സാധാരണമായി ക്രിസ്ത്രീയ പുരോഹിതന്മാരുടെയും മിഷണറിമാരുടെയും പ്രസംഗങ്ങളുണ്ടാകാറുണ്ട്. ഞാനത് സശ്രദ്ധം കേൾക്കും. മോക്ഷം കിട്ടണമെങ്കിൽ യേശുക്രിസ്തുവിൽ, അഥവാ ക്രിസ്തുമതത്തിൽ വിശ്വസിക്കണമെന്നും ഇസ്‌ലാംമതം മോക്ഷദായകമല്ലെന്നും മറ്റും അവർ തട്ടിമൂളിക്കുക പതിവാണ്. വീട്ടിൽ തിരിച്ചുവന്നാൽ ഞാൻ ആ പ്രസംഗങ്ങളെപ്പറ്റി അവഗാഢമായി ചിന്തിക്കും. ഇസ്‌ലാമിനെക്കുറിച്ചുള്ള ആക്ഷേപങ്ങളും അവഹേളനങ്ങളും കേട്ടുമടുത്ത എന്റെ രക്തധമനികളിലൂടെ ഒഴുകിക്കൊണ്ടിരുന്ന ഹാശിമീരക്തവും മുഗിളരക്തവും പതച്ചുപൊങ്ങാൻ തുടങ്ങി. അവസാനം ഞാൻ ഇങ്ങനെ തിരുമാനിച്ചു. തുച്ഛമായ വരുമാനത്തിന്നു വേണ്ടിയുള്ള ഈ ഉദ്യോഗം വലിച്ചെറിഞ്ഞ് ഇസ്‌ലാമിന്നു വേണ്ടി അടരാടുക തന്നെ."[8]

"തീരുമാനത്തിന്ന് ഇളക്കമുണ്ടായില്ല. ഉദ്യോഗം രാജിവെച്ച്, എല്ലാം അല്ലാഹുവിൽ ഭരമേൽപിച്ചുകൊണ്ട് ആ ധീരഭടൻ സമരവേദിയിലിറങ്ങി. ഇതോടെ മക്ക്ദി തങ്ങൾ വിവിധ ശത്രുക്കളാൽ വലയം ചെയ്യപ്പെട്ടു.

ഒന്നാമത്തെ ശത്രു ദാരിദ്യം തന്നെ!

രണ്ടാമത്തേത് ക്രിസ്തീയ പാതിരിമാരും.

ഹൈന്ദവ പുരോഹിതന്മാരെയും അദ്ദേഹം സ്പർശിക്കാതിരുന്നില്ല. അതിനാൽ മൂന്നാമത് ഒരു ശത്രു കൂടിയുണ്ടായി.

ഇവിടം കൊണ്ടും കാര്യം അവസാനിച്ചില്ല. മുസ്‌ലിംകൾക്കിടയിൽ നടമാടിക്കൊണ്ടിരുന്ന അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും മക്ക്ദി തങ്ങൾ രൂക്ഷമായി എതിർക്കാൻ തുടങ്ങി. തന്നിമിത്തം നാലാമത്തെ ശത്രുവും തലപൊക്കി.

അങ്ങനെ ഒരേ സമയം ചതുർമുഖങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ച് പൊരുതേണ്ടതായി വന്നു."[9]

ഉദ്യോഗം രാജിവെച്ചതോടെ വരുമാനം നിലച്ചു. പേനയും നാവും മാത്രം ബാക്കിയായി. പക്ഷേ, മുന്നോട്ടുവെച്ച കാൽ അദ്ദേഹം പിൻവലിച്ചില്ല. പ്രയാസങ്ങളെയും പ്രതിബന്ധങ്ങളെയും ക്ഷമാപൂർവം നേരിട്ടുകൊണ്ട് ഇസ്‌ലാമിക സേവനം അഭംഗുരം തുടർന്നു."

"ഇസ്‌ലാമിന്നും മുസ്‌ലിംകൾക്കുമെതിരിൽ ക്രിസ്ത്യൻ പാതിരിമാരും ഹൈന്ദവ പുരോഹിതന്മാരും അഴിച്ചുവിടുന്ന അവഹേളനങ്ങൾ, സ്വസമുദാ

**മുസ്‌ലിംകളിൽ അനാചാരവും അന്ധവിശ്വാസവും കൊടികുത്തിവാഴുന്ന കാലം. ഇസ്‌ലാമിന്റെ മൗലിക സിദ്ധാന്തത്തിന്നു നിരക്കാത്ത പൈശാചിക കൃത്യങ്ങൾ നാട്ടിലുടനീളം സ്വൈരവിഹാരം നടത്തുകയായിരുന്നു. അവയ്ക്ക് മതഛായ നൽകാൻ പണ്ഡിതന്മാരും മുമ്പോട്ടുവന്നു. തൗഹീദിന്റെ രജതരേഖ ജനഹൃദയങ്ങളിൽ നിന്ന് ഏറെക്കുറെ അപ്രത്യക്ഷമായി. അവിടെ അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും കൂരിരുട്ട് വ്യാപിച്ചു. ഈ ചുറ്റുപാടിലാണ് സയ്യിദ് ഥനാഉല്ലാ മക്ക്ദി തങ്ങൾ ജീവിച്ചിരുന്നത്. ക്രിസ്ത്യാനികൾ ഇസ്‌ലാമിനെ തെറ്റിദ്ധരിപ്പിക്കുന്നുണ്ട്. ആ തെറ്റിദ്ധാരണകളെ നീക്കുന്നതിലും ക്രിസ്ത്യാനികളുടെ തൊലിയുരിച്ചുകാട്ടുന്നതിലും വ്യാപൃതനായിരുന്നു അദ്ദേഹം. പക്ഷേ, സ്വസമുദായത്തിലെ ദയനീയ ചിത്രങ്ങൾ അവഗണിക്കാൻ ആ പരിഷ്കർത്താവിന് എങ്ങനെ കഴിയും?**

**ഇസ്‌ലാമിന്റെ സുന്ദരാശയങ്ങളെ അതിന്റെ അനുയായികൾ തന്നെ കശാപ്പു ചെയ്യുകയും വികൃതമാക്കുകയും ചെയ്യുമ്പോൾ ക്രിസ്ത്യാനികളെ ഖണ്ഡിച്ച് സംതൃപ്തിയടയാൻ സയ്യിദ് ഥനാഉല്ലാ മക്ദി തങ്ങൾക്ക് മനസ്സുവന്നില്ല. മുസ്‌ലിംകളിൽ കടന്നുകൂടിയ മതവിരുദ്ധാചാരങ്ങളെയും വിശ്വാസങ്ങളെയും എതിർക്കാൻ അദ്ദേഹം രംഗത്തുവന്നു. തികച്ചും പ്രതികൂല പരിതഃസ്ഥിതിയിൽ ഇതിന്ന് അദ്ദേഹം ധൈര്യപ്പെട്ടതു തന്നെ വിശ്വാസ ദാർഢ്യവും സേവനൗത്സുക്യവും കൊണ്ട് മാത്രമാണെന്നുള്ളതിൽ സംശയമില്ല. നാട്ടിൽ നിരാക്ഷേപം നടന്നുവരുന്ന അനാചാരങ്ങൾക്കെതിരിൽ സ്വരമുയർത്താൻ പോലും വയ്യാത്ത കാലമായിരുന്നു അത്.**



യത്തിൽ സ്വാധീനം ചെലുത്തിയ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും- ഇതായിരുന്നു മക്ദിതങ്ങളുടെ പ്രധാന സമരസംഗം.”[10]

“മുസ്‌ലിംകളിൽ അനാചാരവും അന്ധവിശ്വാസവും കൊടികുത്തിവാഴുന്ന കാലം. ഇസ്‌ലാമിന്റെ മൗലിക സിദ്ധാന്തത്തിന്നു നിരക്കാത്ത പൈശാചിക കൃത്യങ്ങൾ[11] നാട്ടിലുടനീളം സ്വൈരവിഹാരം നടത്തുകയായിരുന്നു. അവയ്ക്ക് മതഛായ നൽകാൻ പണ്ഡിതന്മാരും മുമ്പോട്ടുവന്നു. തൗഹീദിന്റെ രജതരേഖ ജനഹൃദയങ്ങളിൽ നിന്ന് ഏറെക്കുറെ അപ്രത്യക്ഷമായി. അവിടെ അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും കൂരിരുട്ട് വ്യാപിച്ചു.

ഈ ചുറ്റുപാടിലാണ് സയ്യിദ് ഥനാഉല്ലാ മക്ദി തങ്ങൾ ജീവിച്ചിരുന്നത്. ക്രിസ്ത്യാനികൾ ഇസ്‌ലാമിനെ തെറ്റിദ്ധരിപ്പിക്കുന്നുണ്ട്. ആ തെറ്റിദ്ധാരണകളെ നീക്കുന്നതിലും ക്രിസ്ത്യാനികളുടെ തൊലിയുരിച്ചു കാട്ടുന്നതിലും വ്യാപൃതനായിരുന്നു അദ്ദേഹം. പക്ഷേ, സ്വസമുദായത്തിലെ ദയനീയ ചിത്രങ്ങൾ അവഗണിക്കാൻ ആ പരിഷ്കർത്താവിന് എങ്ങനെ കഴിയും? ഇസ്‌ലാമിന്റെ സുന്ദരാശയങ്ങളെ അതിന്റെ അനുയായികൾ തന്നെ കശാപ്പു ചെയ്യുകയും വികൃതമാക്കുകയും ചെയ്യുമ്പോൾ ക്രിസ്ത്യാനികളെ ഖണ്ഡിച്ച് സംതൃപ്തിയടയാൻ ആ സമുദായസ്നേഹിക്ക് മനസ്സുവന്നില്ല. മുസ്‌ലിംകളിൽ കടന്നുകൂടിയ മതവിരുദ്ധാചാരങ്ങളെയും വിശ്വാസങ്ങളെയും എതിർക്കാൻ അദ്ദേഹം രംഗത്തുവന്നു. തികച്ചും പ്രതികൂല പരിതഃസ്ഥിതിയിൽ ഇതിന്ന് അദ്ദേഹം ധൈര്യപ്പെട്ടതു തന്നെ വിശ്വാസ ദാർഢ്യവും സേവനൗത്സുക്യവും കൊണ്ട് മാത്രമാണെന്നുള്ളതിൽ സംശയമില്ല. നാട്ടിൽ നിരാക്ഷേപം നടന്നുവരുന്ന അനാചാരങ്ങൾക്കെതിരിൽ സ്വരമുയർത്താൻ പോലും വയ്യാത്ത കാലമായിരുന്നു അതെന്നോർക്കണം.”[12]

### മതപാഠശാലകളിലെ നിർഗുണ ബോധനരീതികളെ നിരാകരിച്ച വിദ്യാഭ്യാസ വിചക്ഷണൻ

തലമുറകളായി തുടർന്നുവന്ന പ്രാക്തനരീതികൾ മതവിരുദ്ധമാണെന്ന് തങ്ങൾ പ്രഖ്യാപിച്ചു: “മൗലവി പട്ടക്കെട്ട്- ഈ വട്ടം കൂട്ടലും ധർമദോഷമാകുന്നു.”[13]

മതം നിരാകരിച്ച നിർഗുണ രീതികൾ സമുദായ മക്കളുടെ മേൽ അടിച്ചേൽപിക്കുന്ന പുരോഹിത പ്രവൃത്തികൾ നിർബാധം തുടർന്നാൽ, ഈ സമുദായാംഗങ്ങളുടെ നാമങ്ങൾ മീസാൻ കല്ലിലെഴുതി വെക്കുന്നതിനപ്പുറത്തൊന്നും ഈ സമുദായത്തിന് പുരോഗമനം സഭവിക്കുമായിരുന്നില്ല. ഈ ദുരന്തത്തെക്കുറിച്ച് തങ്ങൾ മുന്നറിയിപ്പ് നൽകി:

“ഈ നിലയിൽ പാഠശാലകൾ അത്രയും മൗലവി സ്ഥാനത്തെ ഉദ്ദേശിച്ചു സ്ഥാപിക്കുന്നതും ഉദ്ദേശ നിയമങ്ങളിൽ കുട്ടികളെ കെട്ടിക്കൂട്ടുന്നതും മതവിധിക്ക് വിപരീതമെന്നു മാത്രമല്ല മതത്തിന്നും ജനത്തിന്നും ദോഷമായും ഭവിക്കുന്നു.”[14]

**മതം നിരാകരിച്ച നിർഗുണ രീതികൾ സമുദായ മക്കളുടെ മേൽ അടിച്ചേൽപിക്കുന്ന പുരോഹിത പ്രവൃത്തികൾ നിർബാധം തുടർന്നാൽ, ഈ സമുദായാംഗങ്ങളുടെ നാമങ്ങൾ നീശാൻ കല്ലിലെഴുതി വെക്കുന്നതിനപ്പുറത്തൊന്നും ഈ സമുദായത്തിന് പുരോഗമനം സംഭവിക്കുമായിരുന്നില്ല. ഈ ദുരന്തത്തെക്കുറിച്ച് തങ്ങൾ മുന്നറിയിപ്പ് നൽകി. പരിഷ്‌കർത്താക്കൾ പരവതാനിയിലൂടെ ആനയിക്കപ്പെട്ട ചരിത്രമല്ല ലോക മുസ്‌ലിം ചരിത്രത്തിൽ എന്നുമുണ്ടായത് എന്ന് തങ്ങൾക്ക് ബോധ്യമുണ്ടായിരുന്നു. മാറ്റത്തിന്റെ കാറ്റ് തടഞ്ഞു നിർത്താൻ ഒരു കാലത്തിനപ്പുറം സാധിക്കുകയില്ലെന്ന് അദ്ദേഹം ദീർഘദർശനം ചെയ്തു.**

പരിഷ്‌കർത്താക്കൾ പരവതാനിയിലൂടെ ആനയിക്കപ്പെട്ട ചരിത്രമല്ല ലോക മുസ്‌ലിം ചരിത്രത്തിൽ എന്നുമുണ്ടായത് എന്ന് തങ്ങൾക്ക് ബോധ്യമുണ്ടായിരുന്നു. മാറ്റത്തിന്റെ കാറ്റ് തടഞ്ഞു നിർത്താൻ ഒരു കാലത്തിനപ്പുറം സാധിക്കുകയില്ലെന്ന് അദ്ദേഹം ദീർഘദർശനം ചെയ്തു:

“മതവിധികൾ ഇപ്രകാരമായിരിക്കെ, മേൽകാണിച്ച തോന്നിവാസ നടപടികൊണ്ടു ജനം കഷ്ടപ്പെടുന്നതിൽ മൂഢരും മുറാളരും വൈരാഗ്യം പൂണ്ട് നിരസിക്കുന്നു. എങ്കിലും ക്രമേണ നമ്മുടെ വചനങ്ങൾ രത്നങ്ങളായിത്തീരുമെന്നും കൂട്ടത്തോടുള്ള കോട്ടത്തിൽ നിന്നു ജനം രക്ഷപ്പെടുമെന്നും വിശ്വസിക്കുന്നു.”[15]

മക്ദി തങ്ങൾ പ്രഖ്യാപിച്ചു: “ദർസ്, ദർസ് എന്നാർത്തും കീർത്തിയിൽ ആശിച്ചുൽസാഹിച്ചും നടന്നാൽ പോരാ; ആവശ്യം, അനാവശ്യം എന്നിവ വേർതിരിച്ചും പരിഷ്‌കാര മാർഗം അന്വേഷിച്ചറിഞ്ഞും പ്രവൃത്തിക്കേണം.”[16]

ഇത്തരം മതപാഠശാലകളിൽ നിന്ന് പുറത്തുവരുന്ന ഉൽപന്നങ്ങളുടെ കാര്യക്ഷമത നമുക്ക് പരിശോധിക്കാം. മക്ദി തങ്ങൾ അത് കൃത്യമായി നിരീക്ഷിക്കുകയും എ മുതൽ എച്ച് വരെ അക്ഷരങ്ങളിട്ട് അവ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിൽ ഇവിടെ പ്രസക്തമായത് ഇങ്ങനെ വായിക്കാം.

“(ഡി) മലയാളം എഴുതിപ്പഠിക്കായ്കയാൽ അക്ഷര ഉച്ചാരണം ശക്തിപ്പെടാതെ രാസ്ത്രി[17], നസ്കേത്രം[18], കശുത്തു[19], എശുത്തു[20] എന്ന് പറഞ്ഞ് ഹസിക്കപ്പെടുന്നു.

(ഇ) ഇതരജനങ്ങളിൽ ഇറങ്ങി പ്രസംഗിക്കാൻ ശങ്കിക്കുന്നു. അന്യജനം വരാത്ത സ്ഥലത്തും സമയത്തും പ്രസംഗിക്കുന്നു. ഇതിനാൽ മതാഭിവൃദ്ധിക്ക് ആവശ്യമായതും വേദം നിർബന്ധിക്കുന്നതുമായ പ്രസംഗം മുടങ്ങി നടപ്പില്ലാതായിരിക്കുന്നു.

(എഫ്) പത്ത് പതിനാലു കോല്ലം പഠിച്ച മുസ്ല്യാർ അറബി ഭാഷയിലോ മലയാള ഭാഷയിലോ ഒരു വാചകം എഴുതാനും ഒരു സദസ്സിൽ ഇറങ്ങി ഒരു വിഷയത്തെ സംബന്ധിച്ചു സംസാരിക്കാനും നിവൃത്തിയില്ലാതായിരിക്കുന്നു. ശൈഖിന്റെ ഗതിയും ഇതു തന്നെ. ഇതിന്റെ കാരണം ഭാഷ ഗ്രഹിക്കാത്തതു തന്നെ.

(ജി) മലയാളം എഴുതി പഠിക്കായ്ക കൊണ്ട് രാജ്യനിയമം അറിയാതെ ദോഷപ്പെടുന്നു. സമ്പാദ്യം അന്യർക്ക് കൊടുത്തു കഷ്ടപ്പെടുന്നു.”[21]

**ആധാരസൂചിക:**

1. കേരള മുസ്‌ലിം ഐക്യസംഘത്തിന്റെയും കേരള ജംഇയ്യത്തുൽ ഉലമയുടെയും സ്ഥാപക നേതാവ് (1891-1974).
2. പ്രവാചകൻ മുഹമ്മദ്ﷺ ജനിച്ച ക്വുറൈശ് ഗോത്രത്തിലെ ഒരു കുടുംബവംശം.
3. തങ്ങൾ എന്നതിന് കേരളത്തിൽ ഉപയോഗിച്ച വരുന്ന അറബി പദം.
4. പിതൃത്വം വഴി മധ്യേഷ്യൻ ഭരണാധികാരി തൈമൂറിന്റെ പിൻഗാമികളും മാതൃത്വം വഴി മംഗോൾ നേതാവായ ജെംഗീസ് ഖാന്റെ പാരമ്പര്യവും ഉള്ളവരാണ് മുഗളർ.
5. ഹുദ്വൂർ എന്ന അറബി പദത്തിന്റെ വകഭേദം. മുഗളന്മാരാണ് അത് ഉപയോഗിച്ചു തുടങ്ങിയത്. പൊതുകാര്യാലയം എന്നർഥം.
6. 1876 ലാണ് സെൻട്രൽ എക്സൈസ് ആന്റ് റവന്യൂ വകുപ്പിന്റെ കീഴിൽ ഉപ്പ് നികുതി പിരിക്കാനായി പ്രത്യേക വിഭാഗങ്ങൾ ആരംഭിച്ചത്.
7. അൽമുർശിദ് പു:1, ല:5, 1960 ജൂലായ്, പേജ് 6.
8. അതേ അവലംബം, പേജ് 4.
9. അതേ അവലംബം, പേജ് 7.
10. അതേ അവലംബം, പേജ് 8.
11. കുത്ത്റാത്തീബ് പോലുള്ള മാരകമായ ആചാരങ്ങൾ.
12. കേരളത്തിലെ ഇസ്‌ലാഹി പ്രസ്ഥാനം-2 ‘റാത്തീബും ഒരു കൊലയും,’ അൽ മുർശിദ് 1966 ആഗസ്റ്റ്.
13. സമ്പൂർണ കൃതികൾ, താൾ 440, മുസ്‌ലിം ജനവും വിദ്യാഭ്യാസവും എന്ന പുസ്തകം.
14. അതേ അവലംബം, താൾ 440.
15. അതേ അവലംബം, താൾ 445. മുസ്‌ലിം ജനങ്ങൾ വിദ്യാഭ്യാസവും.
16. അതേ അവലംബം, താൾ 445.
17. രാത്രി എന്ന വാക്കിന് പകരം മാപ്പിളമാർ ഉപയോഗിച്ചിരുന്ന പദം.
18. നക്ഷത്രം.
19. കഴുത്ത്.
20. എഴുത്ത്.
21. സമ്പൂർണ കൃതികൾ, താൾ 442, 443. മുസ്‌ലിം ജനവും വിദ്യാഭ്യാസവും.

ചലനങ്ങൾ

# യുവജനക്ഷേമം; സർക്കാർ ധവളപത്രം പുറപ്പെടുവിക്കണം: വിസ്ഡം കോൺക്ലേവ്

തിരൂർ: യുവജന സമൂഹത്തിന്റെ ക്ഷേമവും വികസനവും ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കണമെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സമിതി തിരൂർ ടൗൺ ഹാളിൽ സംഘടിപ്പിച്ച യൂത്ത് കോൺക്ലേവ് ആവശ്യപ്പെട്ടു. രാജ്യത്ത് തൊഴിൽ അവസരങ്ങൾ കുറഞ്ഞ് വരുന്നത് ഗുരുതരമായ സാമൂഹിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് സർക്കാർ ഗൗരവമായി കാണണം. രാജ്യത്ത് വ്യാവസായിക സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ സാമൂഹിക സാഹചര്യങ്ങൾ സൃഷ്ടിക്കാൻ സർക്കാർ ബോധപൂർവ പരിശ്രമങ്ങൾ നടത്തണം.

മുന്നോക്ക വിഭാഗങ്ങൾക്ക് സാമ്പത്തിക സംവരണം ഏർപ്പെടുത്തിയ നീക്കങ്ങൾ അപലപനീയമാണ്. ഇരു സഭകളും പാസാക്കിയ ബിൽ സാമൂഹിക സന്തുലിതാവസ്ഥക്ക് ഇടയാക്കും. സംസ്ഥാനത്ത് കെ.എ.എസ്. നടപ്പാക്കുമ്പോൾ സംവരണ തത്ത്വങ്ങൾ പാലിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്നും സംഗമം കൂട്ടിച്ചേർത്തു.

യുവാക്കളിൽ അരാഷ്ട്രീയ വാദം വളർത്തിയെടുക്കുകയും അവരുടെ കർമശേഷിയും അർപ്പണബോധവും വർഗീയതക്കും സാമുദായിക ധ്രുവീകരണത്തിനും സാധ്യമാകുന്ന വിധത്തിൽ നയിക്കപ്പെടുകയും ചെയ്യുന്നതിനെ മതനിരപേക്ഷ സമൂഹം ഗൗരവമായി കാണണം. ഫാഷിസം ഉൾപ്പെടെയുള്ള സാമൂഹ്യ ജീർണതകൾക്കെതിരെ യുവജനസമൂഹത്തിന്റെ ചെറുത്ത് നിൽപ്പ് ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാ യുവജന സമ്മേളനം, യുവപഥം, സൗഹൃദ സന്ദർനം, സെമിനാറുകൾ, പാനൽഡിസ്കഷൻ, വീഡിയോ പ്രദർശനം തുടങ്ങിയ പദ്ധതികൾ സംസ്ഥാന വ്യാപകമായി നടപ്പാക്കും.

കോൺക്ലേവ് സംസ്ഥാന യുവജന പ്രതിനിധി സമ്മേളനം സഞ്ജയ് സിംഗ് എം.പി (ഡൽഹി) ഉദ്ഘാടനം ചെയ്തു. ഇ.ടി മുഹമ്മദ് ബഷീർ എം.പി, സി. മമ്മുട്ടി എം.എൽ.എ, മുൻസിപ്പൽ ചെയർമാൻ എം. ബാവ, വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ്. പ്രസിഡന്റ് കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ, വിസ്ഡം സംസ്ഥാന ജന: സെക്രട്ടറി ടി.കെ അശ്റഫ്, ഡോ. ജേക്കബ് ആലപ്പാട്ട്, ഡോ.സി.എം സാബിർ നവാസ്, ഡോ.സി. മുഹമ്മദ് റാഫി, ഡോ. പി.പി അബ്ദുൽ മാലിക്, ഡോ.പി.എൻ.ഷബീൽ, ഡോ.പി.പി നസീഫ്, ഫൈസൽ മൗലവി, സി.പി സലീം, ഹാരിസ് കായക്കൊടി, താജുദ്ദീൻ സ്വലാഹി, യു. മുഹമ്മദ് മദനി, ഹസൻ അൻസാരി ഒറ്റപ്പാലം, ഹാരിസ് ബിൻ സലീം, അബ്ദുറഹ്മാൻ അൻസാരി, എ.പി മുനവ്വർ സ്വലാഹി, വി.കെ.ഉനൈസ് സ്വലാഹി, പി. എം ശാഹുൽ ഹമീദ്, ഇൻശാദ് സ്വലാഹി, അബ്ദുല്ല ഫാസിൽ കണ്ണൂർ, പി.യു സുഹൈൽ പാലക്കാട്, ശമീർ മദീനി എന്നിവർ വിവിധ സെഷനുകളിൽ സംസാരിച്ചു.

## വെറുപ്പിന്റെ രാഷ്ട്രീയം രാജ്യത്തിനാപത്ത്: സഞ്ജയ് സിംഗ് എം.പി

തിരൂർ: ഭരണകൂടം പിന്തുടരുന്ന വെറുപ്പിന്റെ രാഷ്ട്രീയം രാജ്യത്തിനാപത്തും മതേതര ഇന്ത്യയുടെ മഹത്തായ പൈതൃകത്തിനെതിരുമാണെന്ന് സഞ്ജയ് സിംഗ് എം.പി അഭിപ്രായപ്പെട്ടു. 'യുവത്വം: കടമയാണ്, കലാപമല്ല' എന്ന പ്രമേയത്തിൽ വിസ്ഡം യൂത്ത് സംസ്ഥാന സമിതി തിരൂർ ടൗൺഹാളിൽ സംഘടിപ്പിച്ച യൂത്ത് കോൺക്ലേവ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ മഹത്തായ സാംസ്കാരിക പൈതൃകം തകർത്തുകളയുന്ന നിലപാടാണ് ഭരണകൂടം നിരന്തരമായി പിന്തുടരുന്നത്.

ബി.ജെ.പി നേതാക്കന്മാരുടെ വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും രാഷ്ട്രീയ നിലപാടാണ് രാജ്യത്താകമാനം രണ്ടായിരത്തോളം ന്യൂനപക്ഷ വിഭാഗങ്ങളിൽ പെട്ടവരുടെ ജീവഹാനിക്ക് കാരണമായത്. രാജ്യത്തിന് ഭീഷണിയായ വെറുപ്പിന്റെ രാഷ്ട്രീയത്തിന്റെ ഇരകളിൽ ഭൂരിഭാഗവും ന്യൂനപക്ഷ വിഭാഗങ്ങളിൽ പെട്ടവരാണ്. ബി.ജെ.പി അധികാരത്തിലേറിയതിന് ശേഷമാണ് രാജ്യത്ത് ഏറ്റവും കൂടുതൽ ആക്രമണങ്ങൾ വർധിച്ചത്. രാജ്യത്തിന്റെ സമ്പത്ത് കുത്തകകൾക്ക് കൊള്ളയടിക്കാൻ വിട്ട് കൊടുക്കുകയാണ് ഭരണകൂടം ചെയ്യുന്നത്- അദ്ദേഹം പറഞ്ഞു.

# ‘യുവത്വം കടമയാണ്, കലാപമല്ല’

## യൂത്ത് കോൺക്ലേവ് മുന്നോട്ടുവെച്ച പുതുകാല വിചാരങ്ങൾ

യൗവനം! അറ്റമില്ലാത്ത ആഗ്രഹങ്ങളുടെയും അവസാനിക്കാത്ത മോഹങ്ങളുടെയും കാലം. മനമെത്തുന്നതിനുമപ്പുറം ദേഹമെത്തുമ്പോൾ മോഹത്തിന്റെ തേരിലേറി യൗവനം കുതിക്കുകയാണ്. ആധുനികത നൽകുന്ന സൗകര്യങ്ങൾ ആ കുതിപ്പിന് ശരവേഗം നൽകുന്നു. കണ്ണഞ്ചിപ്പിക്കുന്ന ഡാൻസ് മേളകളും ഡി.ജെ പാർട്ടികളും പുകയുന്ന ചുണ്ടുകളും മദ്യത്തിന്റെ മണമൊഴുകുന്ന സദസ്സുകളും മദ്യമില്ലാതെ എന്ത് യുവത്വമെന്ന് ധ്വനിപ്പിക്കുന്ന സിനിമാലോകവും! തീർന്നില്ല, അടിക്കടി മോഡൽ മാറ്റുന്ന വാഹനക്കമ്പവും സെക്കന്റുകൾക്കനുസരിച്ച് ഫീച്ചറുകൾ മാറുന്ന മൊബൈൽ ടെക്നോളജിയും കൂടാതെ സെൽഫിയും ടിക് ടോക്കും എഫ്.ബിയും വാട്ട്സപ്പും തുറന്നിട്ട അനന്ത സാധ്യതകളും... ഈ പുതുസാഹചര്യത്തിലാണ് വിസ്ഡം യൂത്ത് കോൺക്ലേവ് സംഘടിപ്പിക്കുകയും ആയിരക്കണക്കിന് യുവാക്കളെ മുന്നിലിരുത്തി പുതിയ പ്രബോധന, സേവന പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തിരിക്കുന്നത്.

‘യുവത്വം: കലാപമല്ല, കടമയാണ്’ എന്ന പ്രമേയത്തിൽ വിസ്ഡം യൂത്ത് തിരൂരിൽ സംഘടിപ്പിച്ച യൂത്ത് കോൺക്ലേവ് തിരിച്ചറിവിന്റെ തീരത്തേക്ക് യുവാക്കളെ തിരിച്ച് വിളിക്കുന്നതായിരുന്നു. യുവാക്കളുടെ വർധിച്ച പങ്കാളിത്തം ഏറെ പ്രതീക്ഷകൾ നൽകി. സദസ്സിന്റെ മുഴുവൻ സമയ ശ്രദ്ധയും പിടിച്ചെടുക്കുന്നതിൽ പ്രോഗ്രാമിന്റെ സംഘാടനം വിജയിച്ചു. ആദർശ വ്യക്തത ചുരുങ്ങിയ സമയം കൊണ്ട് കൈമാറാനായി. ആത്മ സംസ്കരണ പാഠങ്ങൾ ആത്മവിചിന്തനത്തിന് പ്രേരിപ്പിച്ചു. യുവത്വം നേരിടുന്ന പ്രശ്നങ്ങൾ അനാവരണം ചെയ്തു. പരിഹാരമാർഗങ്ങൾ വിശദീകരിക്കപ്പെട്ടു. കൊഴിഞ്ഞ് പോകുന്ന സമയത്തിന്റെ വില ബോധ്യപ്പെടുത്തി. കുടുംബത്തെ കൂടെനിർത്താനുള്ള പ്രായോഗിക മാർഗങ്ങൾ നിർദേശിച്ചു. എം.പിമാരായ സഞ്ജയ് സിംഗ്, ഇ.ടി. മുഹമ്മദ് ബഷീർ എന്നിവരുടെ സാന്നിധ്യവും സംസാരവും സമകാലിക ഇന്ത്യയിൽ യുവാക്കളുടെ കടമയെ ഓർമപ്പെടുത്തി. റോഡിൽ പൊലിയുന്ന യുവാക്കളുടെ ജീവൻ മുന്നിൽ വെച്ച് ഡോ. ജേക്കബ് ആലപ്പാട് നടത്തിയ പ്രസന്റേഷൻ വേറിട്ട അനുഭവമായി.

ആശയ കൈമാറ്റത്തിന് സ്വീകരിച്ച വേറിട്ട രീതികൾ തന്നെയാണ് കോൺക്ലേവിനെ വ്യത്യസ്തമാക്കിയത്. പ്രമാണങ്ങളോടുള്ള സമീപനം, ആരാധന, ലൈംഗിക വിശുദ്ധി, പ്രബോധനം, കൂട്ടായ്മ, ഐക്യത്തിന്റെ നേർവഴി, തൊഴിൽ കാഴ്ചപ്പാട്, രാഷ്ട്രീയ നിലപാട്, വർഗീയതക്കെതിരെ മതേതര കൂട്ടായ്മ, തുടങ്ങിയ വിഷയങ്ങളിൽ തിരിച്ചറിവ് പകർന്ന പാനൽ ഡിസ്കഷൻ വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിച്ചു.

യുവാക്കൾക്ക് പ്രതീക്ഷ നൽകുന്നതും യുവാക്കളിൽ പ്രതീക്ഷയർപ്പിച്ചവർക്ക് സംതൃപ്തിയേകുന്നതുമായി കോൺക്ലേവ്. യുവാക്കളെ അവർ പോകുന്ന വഴിയിൽ തെളിക്കുക എന്നത് എളുപ്പമാണ്. അവരെ നേർവഴിയിലേക്ക് തിരിച്ച് വിളിക്കലാണ് ശ്രമകരമായ ദൗത്യം. വിസ്ഡം യൂത്ത് വേറിട്ട് നിൽക്കുന്നത് ഇവിടെയാണ്. കോൺക്ലേവ് മുന്നോട്ടു വെക്കുന്ന പ്രധാന ആശയങ്ങളെ ഇങ്ങനെ ചുരുക്കാം:

മാനവ ഐക്യത്തിന്റെ സന്ദേശം പകർന്ന് നൽകുക. കുടുംബത്തോടും സമൂഹത്തോടും മാതൃരാജ്യത്തോടും സ്വന്തം മതത്തോടുമുള്ള കടമകൾ മറക്കാതിരിക്കുക. പ്രപഞ്ച സ്രഷ്ടാവിന്റെ കൽപനകൾ ശിരസ്സാവഹിച്ച് ജീവിക്കുക. ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം തിരിച്ചറിയുക; മറക്കാതിരിക്കുക. മുഹമ്മദ് നബിﷺയുടെ വ്യക്തിത്വം പഠിച്ചറിയുക; പിൻപറ്റുക. എതിർപ്പുകളെ വിശാലമനസ്കത കൊണ്ട് അതിജീവിക്കുക. നബിﷺ മാതൃക കാണിച്ചപോലെ സൽസ്വഭാവം മുറുകെ പിടിക്കുക. എല്ലാവിധ ലഹരികൾക്കും മറ്റു അധർമങ്ങൾക്കുമെതിരായി നിലകൊള്ളുക. അധ്വാനത്തിന്റെ മഹത്ത്വമറിയുക. ആലംബഹീനരുടെ കണ്ണീരൊപ്പാൻ മുന്നിട്ടിറങ്ങുക. തീവ്രവാദവും ഭീകരവാദവും ഇസ്‌ലാമികവിരുദ്ധമാണെന്ന് തിരിച്ചറിയുക. ●

സയ്യിദ് സഅ്ഫർ സ്വാദിക് മദീനി
sahfarsadik@gmail.com

ലേഖനം



# മനുഷ്യ സൃഷ്ടിപ്പിന്റെ ലക്ഷ്യം

അല്ലാഹു മനുഷ്യസമൂഹത്തെ സൃഷ്ടിച്ചിട്ടുള്ളത് അവനെ മാത്രം ആരാധിക്കുവാൻ വേണ്ടിയാണ്. അത് വിശദീകരിക്കുവാനാണ് അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചതും വേദഗ്രന്ഥങ്ങളിറക്കിയതും. അല്ലാഹു വിശുദ്ധ ക്വുർആനിൽ പറയുന്നു:

"ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല" (അദ്ദാരിയാത്:56).

നമ്മെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത് അവനെ മാത്രം ആരാധിക്കുവാൻ വേണ്ടിയത്രെ. പ്രവാചകന്മാർ മുഖേന അല്ലാഹു സന്മാർഗവും ദുർമാർഗവും വ്യക്തമാക്കി തന്നിരിക്കുന്നു. സന്മാർഗത്തിലൂടെ സഞ്ചരിച്ച് മനുഷ്യന് നന്ദിയുള്ളവനായി മാറാം; ദുർമാർഗത്തിലൂടെ സഞ്ചരിച്ച് നന്ദികെട്ടവനുമായിത്തീരാം. അല്ലാഹു പറയുന്നു:

"തീർച്ചയായും നാം അവന്ന് വഴികാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു" (അൽഇൻസാൻ: 3).

എല്ലാവരും അല്ലാഹുവിലേക്ക് മടക്കപ്പെടുന്നതാണ്. അല്ലാഹു പറയുന്നു:

"അപ്പോൾ നാം നിങ്ങളെ വൃഥാ സൃഷ്ടിച്ചതാണെന്നും നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയില്ലെന്നും നിങ്ങൾ കണക്കാക്കിയിരിക്കയാണോ?" (അൽമുഅ്മിനൂൻ: 115).

മരണവും ജീവിതവും സൃഷ്ടിച്ചിരിക്കുന്നത് നന്മയുടെ വക്താക്കളാരാണെന്ന് പരീക്ഷിക്കുവാൻ വേണ്ടിയാണ്. അല്ലാഹു പറയുന്നു:

"നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു" (അൽമുൽക്: 2).

മേൽ വിവരിച്ചതിൽ നിന്നും നമുക്ക് മനസ്സിലാകുന്നത്, നമ്മെ സൃഷ്ടിച്ചതിനു പിന്നിൽ ഉന്നതമായ ലക്ഷ്യമുണ്ട് എന്നാണ്. അത് നമ്മെ സൃഷ്ടിച്ച, സർവലോക രക്ഷിതാവായ അല്ലാഹുവിനെ മാത്രം ആരാധിച്ച് അവൻ വിശ്വാസികൾക്കൊരുക്കിയ സ്വർഗം കരഗതമാക്കുകയെന്നതാണ്.

### അല്ലാഹുവിനെ അറിയൽ വിശ്വാസികളുടെ ബാധ്യത

തന്റെ രക്ഷിതാവ് ആരാണെന്നും അവൻ എവിടെയാണെന്നും അവന്റെ നാമ വിശേഷണങ്ങൾ എന്തൊക്കെയാണെന്നും മനസ്സിലാക്കൽ ഓരോ വിശ്വാസിയുടെയും ബാധ്യതയാണ്. എങ്കിൽ മാത്രമെ തന്റെ ആരാധനകൾ മുഴുവനും അവൻ നമുക്ക് അറിയിച്ച് തന്ന രൂപത്തിൽ നിർവഹിക്കുവാൻ സാധിക്കു കയുള്ളൂ.

### അല്ലാഹു ആര്?

അല്ലാഹു ആരാണെന്ന് വിശുദ്ധ ക്വുർആൻ പറയുന്നു: "(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന് തുല്യനായി ആരും ഇല്ലതാനും" (സൂറത്തുൽ ഇഖ്‌ലാസ്: 1-4).

"അല്ലാഹു- അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റെതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്തുവാനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവനിച്ഛിക്കുന്നതല്ലാതെ (മറ്റൊ ന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ അധികാരപീഠം ആകാശഭൂമികളെ മുഴുവൻ ഉൾകൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ" (അൽബക്വറ: 255).

### അല്ലാഹു റബ്ബാണ്

ക്വുർആൻ പറയുന്നു: "ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവത്രെ അവൻ. അതിനാൽ അവനെ താങ്കൾ ആരാധിക്കുകയും അവന്നുള്ള ആരാധനയിൽ ക്ഷമയോടെ ഉറച്ചുനി ൽക്കുകയും ചെയ്യുക. അവന്നു പേരൊത്ത ആരെയെങ്കിലും താങ്കൾക്കറിയുമോ?" (മറ്‌യം: 65).

"സ്തുതി സർവലോക രക്ഷിതാവായ അല്ലാഹുവിനാകുന്നു" (അൽ ഫാതിഹ: 1).

### അല്ലാഹു ആരാധ്യനാണ്

അല്ലാഹു പറയുന്നു: "തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി)" (അന്നഹ്ൽ: 36).

"ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്ന് നീ മനസ്സിലാക്കുക. നിന്റെ പാപത്തിന് നീ പാപമോചനം തേടുക" (മുഹമ്മദ്: 19).

### അല്ലാഹുവിന് വിശുദ്ധ നാമങ്ങളുണ്ട്

അല്ലാഹു സ്വയം തന്നെ വിശുദ്ധക്വുർആനിലൂടെയും പ്രവാചക വചനങ്ങളിലൂടെയും അവന് അനേകം നാമങ്ങളുണ്ടെന്ന് സ്ഥാപിക്കുന്നു. ഈ നാമങ്ങൾ മുഴുവനും അവന് മാത്രം പ്രത്യേകമായിട്ടുള്ളതാണ്. അല്ലാഹു പറയുന്നു:

"അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചു കൊള്ളുക" (അൽഅഅ്‌റാഫ്: 180).

"താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു അവൻ. അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു. താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്ത അല്ലാഹുവാണവൻ. രാജാധികാരമുള്ളവനും പരമപരിശുദ്ധനും സമാധാനം നൽകുന്നവനും മേൽനോട്ടം വഹിക്കുന്നവനും പ്രതാപിയും പരമാധികാരിയും മഹത്ത്വമുള്ളവനും ആകുന്നു അവൻ. അവർ പങ്ക് ചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ. സ്രഷ്ടാവും നിർമാതാവും രൂപം നൽകുന്നവനുമായ അല്ലാഹുവത്രെ അവൻ. അവന് ഏറ്റവും ഉത്തമമായ നാമങ്ങളുണ്ട്. ആകാശങ്ങളിലും ഭൂമിയിലുമുള്ളവയും അവന്റെ മഹത്ത്വത്തെ പ്രകീർത്തിക്കുന്നു. അവനത്രെ പ്രതാപിയും യുക്തിമാനും" (അൽഹശ്ർ: 22-24).

### അല്ലാഹു മാത്രമാണ് പ്രാർഥന കേൾക്കുന്നവൻ

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്, തീർച്ച!" (അൽഗാഫിർ: 60).

"അവനോടുള്ളത് മാത്രമാണ് ന്യായമായ പ്രാർഥന. അവനു പുറമെ ആരോടെല്ലാം അവർ പ്രാർഥിച്ച് കൊണ്ടിരിക്കുന്നുവോ അവരാരും അവർക്ക് യാതൊരു ഉത്തരവും നൽകുകയില്ല" (അർറഅ്ദ്: 14).

"നിന്നോട് എന്റെ ദാസന്മാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവ

നാകുന്നു (എന്നു പറയുക). പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്" (അൽബക്വറ: 186).

അല്ലാഹു മാത്രം പാപം പൊറുക്കുന്നവൻ: "(നബിയെ,) ഞാൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണ് എന്ന് എന്റെ ദാസന്മാരെ വിവരമറിയിക്കുക" (അൽഹിജ്ർ: 49).

**അല്ലാഹു കാരുണ്യവാനാണ്**

അല്ലാഹു മുഴുവൻ സൃഷ്ടികളോടും കാരുണ്യം കാണിക്കുന്നവനാണ്. അല്ലാഹു പറയുന്നു: "പരമകാരുണികനും കരുണാനിധിയും" (അൽഫാതിഹ: 3).

**അല്ലാഹു വിചാരണ നാളിന്റെ അധിപനാണ്**

"പ്രതിഫലനാളിന്റെ ഉടമസ്ഥൻ" (അൽ ഫാതിഹ: 4).

"അവർ വെളിക്കുവരുന്ന ദിവസമത്രെ അത്. അവരെ സംബന്ധിച്ച യാതൊരു കാര്യവും അല്ലാഹുവിന്ന് ഗോപ്യമായിരിക്കുകയില്ല. ഈ ദിവസം ആർക്കാണ് രാജാധികാരം? ഏകനും സർവാധിപതിയുമായ അല്ലാഹുവിന്" (അൽഗാഫിർ: 16).

**അല്ലാഹുവാണ് ഹിദായത്ത് നൽകുന്നവൻ**

"തീർച്ചയായും നിനക്കിഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല. പക്ഷേ, അല്ലാഹു താനുദ്ദേശിക്കുന്നവരെ നേർവഴിലാക്കുന്നു. സന്മാർഗം പ്രാപിക്കുന്നവരെപ്പറ്റി അവൻ (അല്ലാഹു) നല്ലവണ്ണം അറിയുന്നവനാകുന്നു" (അൽക്വസ്വസ്വ്: 56).

അല്ലാഹുവാണ് ഭരമേൽപിക്കുവാൻ അർഹൻ

"(നബിയേ,) നീ പറയുക: എനിക്ക് അല്ലാഹു മതി. അവനല്ലാതെ ഒരു ദൈവവുമില്ല. അവന്റെ മേലാണ് ഞാൻ ഭരമേൽപിച്ചിരിക്കുന്നത്. അവനാണ് മഹത്തായ സിംഹാസനത്തിന്റെ നാഥൻ" (അത്തൗബ: 129).

"അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ" (ആലുഇംറാൻ: 173).

**അല്ലാഹു അവനിൽ പങ്കുചേർക്കുന്നതിനെ പൊറുക്കാത്തവൻ**

"തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്ത് കൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്" (അന്നിസാഅ്: 48).

**അല്ലാഹു ഉപരിലോകത്ത്**

അല്ലാഹു സിംഹാസനത്തിൽ ഉപവിഷ്ടനാണെന്നാണ് ക്വുർആൻ പഠിപ്പിക്കുന്നത്. അല്ലാഹു പറയുന്നു:

"പരമകാരുണികൻ സിംഹാസനസ്ഥനായിരിക്കുന്നു" (ത്വാഹാ:5).

അല്ലാഹു ഉപരിലോകത്താണെന്നുള്ളതിന് വിശുദ്ധ ക്വുർആനിൽ ധാരാളം വചനങ്ങൾ കാണാൻ സാധിക്കും. അല്ലാഹു പറയുന്നു:

"ആകാശത്തുള്ളവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരാണോ? അപ്പോൾ അത് (ഭൂമി) ഇളകിമറിഞ്ഞ് കൊണ്ടിരിക്കും" (അൽമുൽക്: 17).

പ്രവാചക വചനങ്ങളിലും ഇതിന് ധാരാളം തെളിവുകൾ കാണാൻ കഴിയുന്നതാണ്.

അബൂഹുറയ്റ(റ)വിൽ നിന്ന് നിവേദനം: പ്രവാചകൻ(ﷺ) പറയുന്നു: "എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം; ഒരാൾ തന്റെ ഭാര്യയെ വിരിപ്പിലേക്ക് ക്ഷണിച്ചിട്ട് അവൾ അതിന് വിസമ്മതിക്കുകയാണെങ്കിൽ ഭർത്താവ് അവളിൽ തൃപ്തിപ്പെടുന്നത് വരെ ആകാശത്തുള്ളവൻ അവളിൽ കോപിക്കുന്നതാണ്" (മുസ്‌ലിം).

"മുആവിയ്യതുബ്നു ഹഖമുസ്സുലമി(റ)യിൽ നിന്ന് നിവേദനം: "എനിക്ക് ആടുകളെ പരിപാലിക്കുന്ന ഒരു അടിമ സ്ത്രീ ഉണ്ടായിരുന്നു. ഒരു ദിവസം ചെന്നായ ഒരു ആടിനെ പിടിച്ചു. ഞാൻ ആദം സന്തതിയിൽ പെട്ടതായത് കൊണ്ട് തന്നെ എനിക്ക് സങ്കടം വന്നു, മാത്രമല്ല ഞാനവളെ അടിക്കുകയും ചെയ്തു. അതിന് ശേഷമാണ് ഞാൻ ചെയ്തത് ഒരു വലിയ പാതകമാണെന്ന് എനിക്ക് ബോധ്യമായത്. അത് കാരണത്താൽ ഞാൻ പ്രവാചകന്റെയടുത്ത് പോയി കാര്യം പറഞ്ഞു: 'അല്ലയോ തിരുദൂതരേ, ഞാനവളെ മോചിപ്പിക്കട്ടെയോ?' അപ്പോൾ നബി(ﷺ) പറഞ്ഞു: 'നീ അവളെയും കൊണ്ട് വരൂ.' അങ്ങനെ ഞാൻ അവളെയും കൊണ്ട് വന്നു. അപ്പോൾ നബി(ﷺ) അവളോട് ചോദിച്ചു: 'അല്ലാഹു എവിടെയാണ്?' അവൾ പ്രതിവചിച്ചു: 'ആകാശത്തിൽ.' 'ഞാൻ ആരാണ്?' നബി(ﷺ) ചോദിച്ചു. അവൾ പറഞ്ഞു: 'താങ്കൾ അല്ലാഹുവിന്റെ പ്രവാചകനാണ്.' അപ്പോൾ നബി(ﷺ) എന്നോട് പറയുകയുണ്ടായി: 'നീ അവളെ മോചിപ്പിക്കുക, അവൾ സത്യവിശ്വാസിനിയാണ്'" (മുസ്‌ലിം).

അല്ലാഹു എല്ലാ സ്ഥലത്തും എല്ലാറ്റിലുമുണ്ടെന്ന വാദം വിശുദ്ധ ക്വുർആനിനും നബിവചനങ്ങൾക്കും എതിരാണ്. അതിനാൽ സത്യവിശ്വാസികൾ അങ്ങനെയുള്ള വിശ്വാസം വെച്ചുപുലർത്തുവാൻ പാടില്ല. **(അവസാനിച്ചില്ല)**

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com





# മരണം ബോധ്യപ്പെടുത്തിയ ചില യാഥാർഥ്യങ്ങൾ

**അ**തീവ ബുദ്ധിസാമർഥ്യമുള്ള വ്യക്തിത്വമായിരുന്നു സുലൈമാൻ നബി عليه السلام. ബുദ്ധിശക്തി എന്ന വലിയ അനുഗ്രഹം അല്ലാഹു അവന്റെ ദാസന്മാരിൽ അവനുദ്ദേശിക്കുന്നവർക്ക്, അവൻ ഉദ്ദേശിക്കുന്ന വിധം നൽകുന്നു. പ്രായം കുറഞ്ഞ ചിലയാളുകൾ തഴക്കവും പഴക്കവുമുള്ള മുതിർന്നവരെ വെല്ലുന്ന ചിന്താശക്തിയും ബുദ്ധിശക്തിയും പ്രകടിപ്പിക്കാറുണ്ട്. ബുദ്ധിയുടെ പേരിൽ അഹങ്കരിക്കുവാൻ ഒരാൾക്കും അവകാശമില്ല.

അല്ലാഹു പറയുന്നു: "ദാവൂദിനെയും (പുത്രൻ) സുലൈമാനെയും (ഓർക്കുക). ഒരു ജനവിഭാഗത്തിന്റെ ആടുകൾ വിളയിൽ കടന്ന് മേഞ്ഞ പ്രശ്നത്തിൽ അവർ രണ്ട് പേരും വിധികൽപിക്കുന്ന സന്ദർഭം. അവരുടെ വിധിക്ക് നാം സാക്ഷ്യം വഹിക്കുന്നുണ്ടായിരിന്നു. അപ്പോൾ സുലൈമാന്ന് നാം അത് (പ്രശ്നം) ഗ്രഹിപ്പിച്ചു. അവർ ഇരുവർക്കും നാം വിധികർതൃത്വവും വിജ്ഞാനവും നൽകിയിരുന്നു" (ക്വുർആൻ 21:78,79).

**സുലൈമാൻ നബിﷺക്ക് അല്ലാഹു നൽകിയ പ്രത്യേകമായ ഒരു അനുഗ്രഹമായിരുന്നല്ലോ ജിന്നുകളെ അദ്ദേഹത്തിന് കീഴ്പെടുത്തി കൊടുത്തു എന്നത്. അവരെക്കൊണ്ട് അദ്ദേഹം പല ജോലികളും ചെയ്യിച്ചിരുന്നല്ലോ. സുലൈമാൻﷺ അവരോട് എന്ത് കൽപിച്ചാലും അവർ അത് ചെയ്തുകൊള്ളണം. എതിർക്കുന്ന പക്ഷം നരകമാണെന്ന് അല്ലാഹു അവർക്ക് താക്കീതും നൽകിയിട്ടുണ്ട്. അതിനാൽ തന്നെ എല്ലാ മുരട്ട് സ്വഭാവക്കാരായ ജിന്നുകളും ശക്തന്മാരായ ജിന്നുകളും നല്ലവരും അദ്ദേഹത്തിന് കീഴ്പെട്ടു പോന്നു. സുലൈമാൻ നബിﷺയെ പേടിച്ച് അവർ കൽപിക്കപ്പെടുന്നത് ചെയ്തു പോന്നു. ഒന്നിൽ നിന്നും ഒഴിഞ്ഞു മാറാൻ അവർക്ക് കഴിഞ്ഞിരുന്നില്ല.**

ഒരാളുടെ കൃഷിയിടത്തിൽ രാത്രി കുറച്ച് ആടുകൾ കയറി മേഞ്ഞു. അവ അതിലെ കൃഷിയെല്ലാം നശിപ്പിച്ചു കളഞ്ഞു. ആടുകളുടെ ഉടമസ്ഥരും കൃഷിയിടത്തിന്റെ ഉടമസ്ഥരും തമ്മിൽ തർക്കമായി. പ്രശ്നം ദാവൂദ് നബിﷺയുടെയും സുലൈമാൻ നബിﷺയുടെയും മുന്നിൽ എത്തി. അങ്ങനെ ഇരുവരും ആ പ്രശ്നത്തിൽ വിധി പുറപ്പെടുവിച്ചു. രണ്ടു പേരുടെയും വിധി രണ്ട് രൂപത്തിലായിരുന്നു. സുലൈമാൻ നബിﷺയുടെ വിധിയായിരുന്നു ഏറ്റവും യുക്തമായത് എന്നാണ് ക്വുർആൻ വ്യക്തമാക്കുന്നത്. രണ്ട് പേരും നബിമാരാണ്. രണ്ട് പേർക്കും അല്ലാഹു നല്ല അറിവും വിധി പറയാനുള്ള കഴിവും നൽകിയിട്ടുണ്ട്. പക്ഷേ, ഈ വിഷയത്തിൽ പിതാവിനെക്കാൾ ഉചിതമായതും യുക്തിപൂർവകമായതും മകന്റെ വിധിയായിരുന്നു.

എന്തായിരുന്നു അവർ ഇരുവരും ആ പ്രശ്നത്തിൽ വിധി പറഞ്ഞത്? ഒരു വിഭാഗത്തിന്റെ ആടുകൾ മറ്റവരുടെ കൃഷി നശിപ്പിച്ചിരിക്കുകയാണല്ലോ. അതിനാൽ കൃഷിയുടെ ഉടമസ്ഥർക്ക് ആ ആടുകളെ നൽകാനായിരുന്നു ദാവൂദ്ﷺ വിധി പറഞ്ഞത്. ഇരു കൂട്ടരും വിധി കേട്ട് മടങ്ങുമ്പോൾ അവരെ കണ്ട സുലൈമാൻﷺ അവരോട് ചോദിച്ചു: എന്താണ് നിങ്ങളുടെ കാര്യത്തിൽ പിതാവ് വിധിച്ചത്? അവർ ദാവൂദ്ﷺ വിധിച്ച കാര്യം പറഞ്ഞു കൊടുത്തു. അപ്പോൾ സുലൈമാൻﷺ ഇരുവരെയും കൂട്ടി പിതാവിനെ സമീപിച്ചു. എന്നിട്ട് ചോദിച്ചു: ഉപ്പാ, ഇവരുടെ കാര്യത്തിൽ എനിക്ക് മറ്റൊരു വിധിയാണ് തോന്നുന്നത്. ഉപ്പാക്ക് സമ്മതമാണെങ്കിൽ പറയാം. അങ്ങനെ പിതാവിന്റെ സമ്മതപ്രകാരം മറ്റൊരു വിധി അവർക്കിടയിൽ പുറപ്പെടുവിച്ചു. ക്വുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ ആ സംഭവം ഇപ്രകാരം നമുക്ക് കാണാം.

ഇബ്നു അബ്ബാസ്ﷺവിൽ നിന്ന്: അദ്ദേഹം പറഞ്ഞു: "അങ്ങനെ ദാവൂദ്ﷺ കൃഷിയിടത്തിന്റെ ആളുകൾക്ക് ആടുകളെ നൽകിക്കൊണ്ട് വിധിച്ചു... അവരോട് സുലൈമാൻﷺ ചോദിച്ചു: 'എങ്ങനെയാണ് നിങ്ങൾക്കിടയിൽ അദ്ദേഹം വിധിച്ചത്?' അപ്പോൾ അവർ അദ്ദേഹത്തെ (അത്) അറിയിച്ചു. അപ്പോൾ സുലൈമാൻﷺ പറഞ്ഞു: 'ഞാൻ നിങ്ങളുടെ കൈകാര്യകർത്താവ് ആയിരുന്നെങ്കിൽ ഇതല്ലാത്തത് കൊണ്ട് വിധിക്കുമായിരുന്നു!' അങ്ങനെ അത് ദാവൂദ്ﷺ അറിയിക്കപ്പെട്ടു. അപ്പോൾ ദാവൂദ്ﷺ സുലൈമാൻﷺയെ വിളിച്ചു. എന്നിട്ട് ചോദിച്ചു: 'ഇവർക്കിടയിൽ നീ എങ്ങനെയാണ് തീർപ്പ് കൽപിക്കുക?' അദ്ദേഹം പറഞ്ഞു: 'ഈ ആടുകളെ കൃഷി ഉടമക്ക് ഞാൻ (കുറച്ച് കാലത്തേക്ക്) നൽകും. അങ്ങനെ അവയുടെ കുട്ടികളും അവയുടെ പാലും അവയുടെ രോമങ്ങൾ, അവയുടെ മറ്റു ഉപകാര വസ്തുക്കൾ തുടങ്ങിയവയെല്ലാം (നശിപ്പിച്ചു കളഞ്ഞ) അവരുടെ കൃഷിയിടം മുമ്പുണ്ടായിരുന്ന പോലെ ആക്കിക്കൊടുക്കുന്നത് വരെ ആടിന്റെ ഉടമസ്ഥർ കൈവശപ്പെടുത്തട്ടെ. അങ്ങനെ കൃഷിയിടം ആദ്യത്തേത് പോലെ ആയാൽ കൃഷിയുടമ കൃഷിയിടം (അവരിൽ നിന്ന്) സ്വീകരിക്കുകയും (അവർ) ആടുകളെ അതിന്റെ ഉടമസ്ഥർക്ക് തിരിച്ചു കൊടുക്കുകയും ചെയ്യണം" (ഇബ്നു കസീർ).

സുലൈമാൻ നബിﷺയുടെ വിധിയെ പിതാവ് പ്രശംസിക്കുകയും അംഗീകരിക്കുകയും ചെയ്തു. അപ്രകാരം അവരിൽ തീരുമാനമെടുക്കുകയും ചെയ്തു. മറ്റൊരു സംഭവം ഹദീഥുകളിൽ നമുക്ക് കാണാവുന്നതാണ്:

അബൂഹുറയ്റﷺയിൽ നിന്ന് നിവേദനം: നബിﷺ പറഞ്ഞു: "രണ്ട് സ്ത്രീകൾ; അവർ രണ്ടുപേരുടെയും അടുത്ത് ഓരോ കുട്ടിയുണ്ടായിരുന്നു. ഒരു ചെന്നായ വന്നു. അങ്ങനെ അത് അവരിൽ ഒരാളുടെ കുട്ടിയെ(കടിച്ചു) കൊണ്ടു പോയി. അപ്പോൾ ഈ സ്ത്രീ അവളുടെ കൂടെയുള്ളവളോട് പറഞ്ഞു: 'നിന്റെ കുഞ്ഞിനെയാണ് (ചെന്നായ) കൊണ്ടു പോയത്.' മറ്റവൾ പഞ്ഞു: 'നിന്റെ കുഞ്ഞിനെയാണ് അത് കൊണ്ടു പോയത്.' അങ്ങനെ ഇരുവരും ദാവൂദ് നബിﷺയുടെ അടുക്കൽ (ആ കാര്യത്തിൽ) വിധി തേടി. ദാവൂദ്ﷺ ആ (കയ്യിലുള്ള കുട്ടിയെ) വലിയവൾക്ക് വിധിച്ചു. അങ്ങനെ ഇരുവരും സുലൈമാൻ

നബിﷺയുടെ അടുത്തേക്ക് പുറപ്പെട്ടു. അങ്ങനെ ഇരുവരും കാര്യം അദ്ദേഹത്തോട് കാര്യം പറഞ്ഞു. അപ്പോൾ സുലൈമാൻﷺ പറഞ്ഞു: 'നിങ്ങൾ എനിക്ക് ഒരു കത്തി കൊണ്ടു വന്നു തരുവീൻ. കുഞ്ഞിനെ നിങ്ങൾക്ക് രണ്ടു പേർക്കുമിടയിൽ ഞാൻ ഭാഗിക്കാം.' അപ്പോൾ ചെറിയവൾ പറഞ്ഞു: 'വേണ്ട, അല്ലാഹു നിങ്ങളോട് കരുണ കാണിക്കട്ടെ. അത് അവളുടെ കുഞ്ഞാണ്.' അപ്പോൾ കുഞ്ഞിനെ അദ്ദേഹം ചെറിയവൾക്ക് വിധിച്ചു"(മുസ്‌ലിം).

അൽപം വിശദീകരിക്കാം: പ്രായത്തിൽ മുതിർന്ന ഒരു സ്ത്രീയും പ്രായം കുറഞ്ഞ ഒരു സ്ത്രീയും അവരുടെ കുഞ്ഞുങ്ങളെയും കൊണ്ട് യാത്ര പോകുകയായിരുന്നു. അപ്പോൾ ഒരു ചെന്നായ വന്ന് വലിയവളുടെ കുഞ്ഞിനെ കൊണ്ടുപോയി. അപ്പോൾ ഇരുവരും കയ്യിലുള്ള കുഞ്ഞിന് വേണ്ടി തർക്കത്തിലായി. അങ്ങനെ ഇരുവരും അവർക്കിടയിൽ തീർപ്പ് കൽപിക്കുന്നതിനായി ദാവൂദ് നബിﷺയെ സമീപിച്ചു. അദ്ദേഹത്തിന് മനസ്സിലായതിന്റെയും അദ്ദേഹം ചിന്തിച്ചതിന്റെയും അടിസ്ഥാനത്തിൽ വലിയവൾക്ക് അനുകൂലമായി വിധിച്ചു. യഥാർഥത്തിൽ കുഞ്ഞ് അവളുടെതല്ലല്ലോ. അതിനാൽ ചെറിയവൾ അത് അംഗീകരിച്ചില്ല. ഇരുവരും സുലൈമാൻ നബിﷺയെ സമീപിച്ച് സംഭവം വിവരിച്ചു. കുട്ടിയെ രണ്ട് കഷ്ണങ്ങളാക്കി പിളർത്തി ഇരുവർക്കുമായി വീതിക്കാം എന്ന് അദ്ദേഹം പറഞ്ഞു. സ്വന്തം കുട്ടിയല്ലാത്തതിനാൽ മുതിർന്നവൾ അതിന് സമ്മതിച്ചു. കുട്ടിയുടെ മാതാവായ ഇളയ സ്ത്രീ കുട്ടിയെ ഒന്നും ചെയ്യേണ്ട എന്നും കുട്ടി അവളുടെതാണ് എന്നും പറഞ്ഞു. സുലൈമാൻ നബിﷺക്ക് കാര്യം മനസ്സിലായി. അദ്ദേഹം കുട്ടിയെ മാതാവായ ഇളയവൾക്ക് തന്നെ നൽകാൻ വിധിക്കുകയും ചെയ്തു.

ഈ സംഭവങ്ങൾ സുലൈമാൻ നബിﷺയുടെ ബുദ്ധി സാമർഥ്യം മനസ്സിലാക്കിത്തരുന്നു. രണ്ട് സംഭവങ്ങളിലും രണ്ട് നബിമാരും വിധിച്ച വിധി വ്യത്യസ്തമായിരുന്നു.

അല്ലാഹു അറിയിച്ചു കൊടുത്തിട്ടില്ലാത്ത ഒരു കാര്യത്തിൽ തനിക്ക് മനസ്സിലായതിന് അനുസരിച്ച് ഒരു പക്ഷത്തേക്ക് ചായാതെ വിധി പറയുകയും അത് തെറ്റായി പോകുകയും ചെയ്താൽ പോലും വിധി കർത്താവിന് ഒരു കൂലിയുണ്ടെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. നബിﷺ പറഞ്ഞു:

അംറ്ബ്നുൽ ആസ്‌ﷺവിൽ നിന്ന് നിവേദനം: റസൂൽﷺ പറയുന്നതായി അദ്ദേഹം കേൾക്കുകയുണ്ടായി: "ഒരു വിധി കർത്താവ് (നന്നായി) പരിശ്രമിച്ച് വിധിക്കുകയും പിന്നീട് അത് ശരിയാകുകയും ചെയ്താൽ അദ്ദേഹത്തിന് രണ്ട് പ്രതിഫലമുണ്ട്. (എന്നാൽ) ഒരു വിധികർത്താവ് (നന്നായി) പരിശ്രമിച്ച് വിധിക്കുകയും പിന്നീട് അത് തെറ്റ് ആകുകയും ചെയ്താൽ അദ്ദേഹത്തിന് (അതിന്) ഒരു പ്രതിഫലമുണ്ട്" (ബുഖാരി).

**മുഹ്‌യിദ്ദീൻ ശൈഖിനെ ആയിരം തവണ വിളിച്ചുതേടാൻ വേണ്ടി പഠിപ്പിക്കുന്ന ഒരു കൃതിയാണ് ക്വുത്ബിയത്ത്. ഈ കൃതി വിവരമില്ലാത്ത ജനങ്ങൾ ഏറെ ബഹുമാനത്തോടും ഭയപ്പാടോടും പാരായണം ചെയ്ത് പോരുന്നുണ്ട്. അതിൽ പതിനഞ്ച് 'ജിന്ന് ഔലിയാക്കളെ' പരിചയപ്പെടുത്തുന്നത് കാണാം. ത്വംരിയാൻ, കശ്കശ്ലീഊശ്, നജൽസിത്വൂഷ്... എന്നിങ്ങനെ വിചിത്രമായ പേരുകളുള്ള 'ജിന്ന് ഔലിയാക്കൾ. അവർക്ക് മറഞ്ഞ കാര്യങ്ങൾ അറിയാൻ കഴിയും എന്നാണ് ഇവർ വാദിക്കുന്നത്.**

ദാവൂദ് നബിﷺക്കും സുലൈമാൻ നബിﷺക്കും വിധി പുറപ്പെടുവിക്കാനുള്ള കഴിവും അറിവും അല്ലാഹു നൽകിയിട്ടുണ്ട്. അവർ അതിന് പ്രാപ്തരുമായിരുന്നു. ഇരുവരും സ്വാർഥത തീരെ ഇല്ലാത്തവരുമായിരുന്നു. അതിനാൽ ഇരുവർക്കും അല്ലാഹു അവരുടെ വിധിക്ക് പ്രതിഫലം നൽകുന്നതാണ്, ഇൻശാ അല്ലാഹ്.

സത്യം പ്രാപിക്കുവാൻ ഉൽസാഹിക്കുന്നതിൽ വീഴ്ച വരുത്തുകയോ, പരിശ്രമിക്കുവാൻ കഴിയാത്തവൻ വിധി പറയുവാൻ മുതിരുകയോ ചെയ്താൽ അവൻ കുറ്റക്കാരനാകുമെന്നാണ് (വിധി ശരിയായിരുന്നാൽ പോലും) ഈ ഹദീഥുകൊണ്ട് മനസ്സിലാകുന്നത്. വിധി പറയുന്ന വിധികർത്താക്കളെ(ക്വാദ്വിമാരെ) സംബന്ധിച്ച് നബിﷺ പറഞ്ഞു:

ഇബ്നു ബുറയ്ദഃﷺ പിതാവിൽ നിന്ന് ഉദ്ധരിക്കുന്നു. നബിﷺ പറഞ്ഞു: "വിധികർത്താക്കൾ മൂന്ന് വിധമാകുന്നു. അതിൽ ഒരാൾ സ്വർഗത്തിലാണ്. രണ്ടു പേർ നരകത്തിലുമാണ്. അപ്പോൾ സ്വർഗ്ഗത്തിലാകുന്നവൻ; ഒരാൾ സത്യം മനസ്സിലാക്കി. അങ്ങനെ അത് മുഖേന വിധിക്കുന്നവനാകുന്നു. (എന്നാൽ) ഒരാൾ സത്യം മനസ്സിലാക്കി, എന്നിട്ട് വിധിയിൽ അന്യായം കാണിച്ചു; അപ്പോൾ അവൻ നരകത്തിലാണ്. ഒരാൾ അവിവേകത്താൽ ജനങ്ങൾക്ക് വിധിച്ചു. അപ്പോൾ അവനും നരകത്തിലാകുന്നു"(അബൂദാവൂദ്).

### ബൈത്തുൽ മക്വ്ദിസിന്റെ നിർമാണം

ബൈത്തുൽ മക്വ്ദിസ് ആരാണ് നിർമിച്ചത് എന്നതിന് സാധാരണ സുലൈ

**അഭൗതികമായി അറിയാനും കാണാനും കേൾക്കാനു മെല്ലാം അല്ലാഹുവിന് മാത്രമെ കഴിയൂ. ഏകകോശ ജീവിയായ അമീബ മുതൽ ഏറ്റവും വലിയ ജീവിയാ യ നീലത്തിമിംഗലം വരെയും ജിന്നും മലക്കും അടക്ക മുള്ളഎല്ലാ സൃഷ്ടികളും എന്ത് ചെയ്യുന്നതും അല്ലാ ഹു അവയ്ക്ക് നൽകിയ പ്രകൃതിപരമായ കഴിവിൽ നിന്നുകൊണ്ടാണ്. ഏതെങ്കിലും സൃഷ്ടിക്ക് ഏതെങ്കി ലും രൂപത്തിലുള്ള അദൃശ്യമായ (അഭൗതികമായ) ക ഴിവുണ്ട് എന്ന വിശ്വാസം നമ്മുടെ ഉള്ളിൽ കടന്നാൽ അവിടെ ശിർക്ക് കടന്നുകൂടി എന്നർഥം.**

മാൻ നബിﷺയാണ് എന്നാണ് നാം ഉത്തരം പറയാറുള്ളത്. ഒരർഥത്തിൽ അത് ശരിയാണ്. മറ്റൊരർഥത്തിൽ അ ത് ശരിയുമല്ല.

ബൈത്തുൽ മക്ദിസിന് അടിത്ത റയിട്ടത് യഅ്ക്വൂബ് നബിﷺയായിരു ന്നു എന്നാണ് ഈ വിഷയത്തിൽ പഠ നം നടത്തിയ ധാരാളം പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളത്. പിൽക്കാലത്ത് അത് കൂടുതൽ ബലവത്തായ രൂപത്തി ലും മറ്റു സൗകര്യങ്ങളോട് കൂടിയും പുതുക്കിപ്പണിതത് സുലൈമാൻ നബി ﷺയും ആണ്. അതിന് ശക്തി പകരു ന്ന ഹദീഥാണ് താഴെ കൊടുക്കുന്നത്:

അബൂദർറ്‌ؓവിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: "ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ഭൂമിയിൽ ആ ദ്യമായി വെക്കപ്പെട്ട (നിർമിക്കപ്പെട്ട) പ ള്ളി ഏതാണ്?' നബിﷺ പറഞ്ഞു: 'മ സ്ജിദുൽഹറാം.' അദ്ദേഹം പറഞ്ഞു; ഞാൻ ചോദിച്ചു: 'പിന്നീട് ഏതാണ്?' നബിﷺ പറഞ്ഞു: 'മസ്ജിദുൽഅക് സ്വാ.' ഞാൻ ചോദിച്ചു: 'അതിന് രണ്ടി നും ഇടയിൽ എത്ര (കാല ദൈർഘ്യം) ഉണ്ടായിരുന്നു?' നബിﷺ പറഞ്ഞു: 'നാൽപത് കൊല്ലം...'' (ബുഖാരി).

ഇബ്റാഹീം നബിﷺയുടെയും പൗ ത്രൻ യഅ്ക്വൂബ് നബിﷺയുടെയും ഇടയിലുള്ള കാല ദൈർഘ്യമാണ് നാൽപത് കൊല്ലം. ഇബ്റാഹീം ന ബിﷺക്കും സുലൈമാൻ നബിﷺ ക്കും ഇടയിൽ ആയിരത്തിലധികം ദൈർഘ്യമുണ്ടെന്നാണ് പറയപ്പെടുന്ന ത്. അപ്പോൾ അതിൽനിന്ന് നമുക്ക് മ നസ്സിലാക്കാൻ സാധിക്കുന്നത് നേരത്തെ പറഞ്ഞ ത് പോലെ യഅ്ക്വൂബ്ﷺ ആദ്യം അത് പണിയുക യും സുലൈമാൻﷺ അത് പുതുക്കി പണിയുകയും ചെയ്തു എന്നാണ്.

**സുലൈമാൻ നബിﷺയുടെ മരണം**

സുലൈമാൻﷺ കഴിവുറ്റ രാജാവും അനുപമ വ്യ ക്തിത്വവും വിവേകമതിയുമായിരുന്നു. അദ്ദേഹവും അല്ലാഹുവിന്റെ ഒരു സൃഷ്ടിയാണല്ലോ. ഏതൊരു വ്യ ക്തിക്കും അല്ലാഹു ജനനവും മരണവും നിശ്ചയി ച്ചിട്ടുണ്ട്. എത്ര വലിയ മഹാനും കഴിവുള്ളവനും സ മ്പന്നനും ശക്തിമാനും മരണത്തിന് കീഴ്പെടുമെന്നത് തീർച്ചയാണ്.

സുലൈമാൻ നബിﷺയുടെ മരണം ലോകത്തിന് ചില കാര്യങ്ങൾ പഠിപ്പിക്കുന്ന രൂപത്തിലാണ് നട ന്നത്. ക്വുർആൻ അത് സംബന്ധമായി ഇപ്രകാരം നമ്മെ പഠിപ്പിക്കുന്നു:

"നാം അദ്ദേഹത്തിന്റെ മേൽ മരണം വിധിച്ചപ്പോൾ അദ്ദേഹത്തിന്റെ ഊന്നുവടി തിന്നുകൊണ്ടിരുന്ന ചി തൽ മാത്രമാണ് അദ്ദേഹത്തിന്റെ മരണത്തെപ്പറ്റി അ വർക്ക് (ജിന്നുകൾക്ക്) അറിവ് നൽകിയത്. അങ്ങ നെ അദ്ദേഹം വീണപ്പോൾ, തങ്ങൾക്ക് അദൃശ്യകാ ര്യം അറിയാമായിരുന്നെങ്കിൽ അപമാനകരമായ ശി ക്ഷയിൽ തങ്ങൾ കഴിച്ചുകൂട്ടേണ്ടിവരില്ലായിരുന്നു എ ന്ന് ജിന്നുകൾക്ക് ബോധ്യമായി" (ക്വുർആൻ 34:14).

സുലൈമാൻ നബിﷺക്ക് അല്ലാഹു നൽകിയ പ്ര ത്യേകമായ ഒരു അനുഗ്രഹമായിരുന്നല്ലോ ജിന്നുക ളെ അദ്ദേഹത്തിന് കീഴ്പെടുത്തി കൊടുത്തു എന്ന ത്. അവരെക്കൊണ്ട് അദ്ദേഹം പല ജോലികളും ചെ യ്യിച്ചിരുന്നല്ലോ. സുലൈമാൻﷺ അവരോട് എന്ത് കൽപിച്ചാലും അവർ അത് ചെയ്തുകൊള്ളണം. എ തിർക്കുന്ന പക്ഷം നരകമാണെന്ന് അല്ലാഹു അവർ ക്ക് താക്കീതും നൽകിയിട്ടുണ്ട്. അതിനാൽ തന്നെ എല്ലാ മുരട്ട് സ്വഭാവക്കാരായ ജിന്നുകളും ശക്തന്മാ രായ ജിന്നുകളും നല്ലവരും അദ്ദേഹത്തിന് കീഴ്പെട്ടു പോന്നു. സുലൈമാൻ നബിﷺയെ പേടിച്ച് അവർ കൽപിക്കപ്പെടുന്നത് ചെയ്തു പോന്നു. ഒന്നിൽ നി ന്നും ഒഴിഞ്ഞു മാറാൻ അവർക്ക് കഴിഞ്ഞിരുന്നില്ല.

ഈ ജിന്നുകൾ അദ്ദേഹത്തിന് വേണ്ടി ജോലി ചെ യ്യുന്നത് അദ്ദേഹം കൊട്ടാരത്തിൽ ഇരുന്നും അല്ലാ തെയും നിരീക്ഷിക്കുമായിരുന്നു. ജിന്നുകൾ അദ്ദേ ഹത്തെ ശ്രദ്ധിക്കുമ്പോൾ ഊന്നുവടിയിൽ ഊന്നി നിൽക്കുകയോ ഇരിക്കുകയോ ചെയ്യുന്നതാണ് അ വർ കാണുന്നത്. ഇരിക്കുകയായിരുന്നോ നിൽക്കു കയായിരുന്നോ എന്ന് ഖണ്ഡിതമായി ക്വുർആൻ പ്ര സ്താവിച്ചിട്ടില്ല.

സുലൈമാൻﷺ ഊന്നുവടിയിൽ ഊന്നിയിരിക്കെയാ ണ് മരണം സംഭവിക്കുന്നത്. സുലൈമാൻ നബിﷺയെ നോക്കി പണിയെടുക്കുന്ന ജിന്നുകൾ അദ്ദേഹം അ വരെ നിരീക്ഷിക്കുകയാണെന്ന ധാരണയിലാണ്. എ

ന്നാൽ അദ്ദേഹത്തിന്റെ മരണം എപ്പഴോ സംഭവിച്ചിട്ടുണ്ടായിരുന്നു. അങ്ങനെ, ചിതലുകൾ വന്ന് അദ്ദേഹത്തിന്റെ വടി കാർന്ന് തിന്നാൻ തുടങ്ങി. വടി മുറിഞ്ഞു. സുലൈമാൻ(അ) നിലത്ത് വീഴുകയും ചെയ്തു.

ജിന്നുകൾ വിചാരിച്ചിരുന്നത് തങ്ങൾ മറഞ്ഞ കാര്യങ്ങൾ അറിയാൻ കഴിയുന്നവരാണ് എന്നാണ്. എന്നാൽ സുലൈമാൻ നബി(അ)യുടെ മരണം അവർക്ക് മറഞ്ഞ കാര്യങ്ങൾ അറിയാൻ കഴിയില്ല എന്ന് അവരെ പഠിപ്പിക്കുന്ന സംഭവം കൂടിയായിരുന്നു. ലോകാവസാനം വരെ, ജിന്നുകളെ പൂജിക്കുകയും അവർക്ക് ആരാധനകൾ അർപ്പിക്കുകയും ചെയ്ത് കൊണ്ടിരിക്കുന്നവർക്ക് ജിന്നുകളുടെ ബോധ്യപ്പെടൽ ഒരു തിരിച്ചടിയാണ്.

'ഗൈബ്' അഥവാ അദൃശ്യം അറിയുന്നവൻ അല്ലാഹു മാത്രമാണ്. അല്ലാഹുവിന്റെ പടപ്പുകളിൽ ഒരാൾക്കും അത് അറിയില്ല. മനുഷ്യർക്കോ ജിന്നുകൾക്കോ മലക്കുകൾക്കോ ആർക്കും ആ കഴിവ് അല്ലാഹു വിട്ട് കൊടുത്തിട്ടില്ല. അതിനുള്ള തെളിവുകൾ പല ഘട്ടങ്ങളിൽ നാം വിവരിച്ചതാണല്ലോ. അല്ലാഹു പറയുന്നത് കാണുക.

"(നബിയേ,) പറയുക; ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യം അറിയുകയില്ല; അല്ലാഹുവല്ലാതെ. തങ്ങൾ എന്നാണ് ഉയിർത്തെ ഴുന്നേല്പിക്കപ്പെടുക എന്നും അവർക്കറിയില്ല" (ക്വുർആൻ 27:65).

അഭൗതികമായി അറിയാനും കാണാനും കേൾക്കാനുമെല്ലാം അല്ലാഹുവിന് മാത്രമെ കഴിയൂ. ഏകകോശ ജീവിയായ അമീബ മുതൽ ഏറ്റവും വലിയ ജീവിയായ നീലത്തിമിംഗലം വരെയും ജിന്നും മലക്കും അടക്കമുള്ളഎല്ലാ സൃഷ്ടികളും എന്ത് ചെയ്യുന്നതും അല്ലാഹു അവയ്ക്ക് നൽകിയ പ്രകൃതിപരമായ കഴിവിൽ നിന്നുകൊണ്ടാണ്. ഏതെങ്കിലും സൃഷ്ടിക്ക് ഏതെങ്കിലും രൂപത്തിലുള്ള അദൃശ്യമായ (അഭൗതികമായ) കഴിവുണ്ട് എന്ന വിശ്വാസം നമ്മുടെ ഉള്ളിൽ കടന്നാൽ അവിടെ ശിർക്ക് കടന്നുകൂടി എന്നർഥം. (ഇത് മനസ്സിലായാലുടൻ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങണം).

ഇതാണ് ഇസ്‌ലാം പഠിപ്പിക്കുന്ന ശുദ്ധമായ വിശ്വാസം. ഈ വിശ്വാസത്തിൽ സംഭവിക്കുന്ന അബദ്ധമാണ് ജനങ്ങൾ ശിർക്കിലേക്ക് പോകാൻ കാരണമാകുന്നത്. അല്ലാഹു അല്ലാത്തവർക്ക് അഭൗതികമായ കഴിവുണ്ട് എന്ന വിശ്വാസമാണ് അല്ലാഹുവിന് പുറമെയുള്ളവരോട് സഹായം ചോദിക്കാൻ പ്രേരകം. അല്ലാഹുവിനെ വിളിച്ച് തേടുന്ന ഒരാളുടെ വിശ്വാസം താൻ എവിടെയായിരുന്നാലും ഏത് ഭാഷക്കാരനായിരുന്നാലും ഏത് സമയത്തായിരുന്നാലും അല്ലാഹു കേൾക്കും അറിയും എന്നാണ്. കാരണം അല്ലാഹുവിന് അഭൗതികമായ കഴിവുണ്ട്. മഹാന്മാരെക്കുറിച്ചും നമ്മുടെ നാട്ടിലെ ഭൂരിപക്ഷമാളുകളും വിശ്വസിക്കുന്നത് നാം എവിടെ നിന്ന് വിളിച്ചാലും ഏത് ഭാഷയിൽ വിളിച്ചാലും ഏത് സമയത്ത് വിളിച്ചാലും അവർക്ക് നമ്മുടെ വിളി കേൾക്കാനും വിളിക്കുന്നവനെ കാണാനും വിളിക്കുന്നവന്റെ ആവശ്യം നിറവേറ്റി ക്കൊടുക്കാനും കഴിവുണ്ട് എന്നാണ്. അഥവാ, അല്ലാഹുവിൽ വിശ്വസിക്കുന്നത് പോലെ അല്ലാഹുവിന്റെ പടപ്പുകളിലും അവർ വിശ്വസിക്കുന്നു.

മുഹ്‌യിദ്ദീൻ ശൈഖിനെ ആയിരം തവണ വിളിച്ചുതേടാൻ വേണ്ടി പഠിപ്പിക്കുന്ന ഒരു കൃതിയാണ് ക്വുത്ബിയത്ത്. ഈ കൃതി വിവരമില്ലാത്ത ജനങ്ങൾ ഏറെ ബഹുമാനത്തോടും ഭയപ്പാടോടും പാരായണം ചെയ്ത് പോരുന്നുണ്ട്. അതിൽ പതിനഞ്ച് 'ജിന്ന് ഔലിയാക്കളെ' പരിചയപ്പെടുത്തുന്നത് കാണാം. ത്വംരിയാൻ, കശ്കശ്ലീഊശ്, നജൽസിത്വൂഷ്... എന്നിങ്ങനെ വിചിത്രമായ പേരുകളുള്ള 'ജിന്ന് ഔലിയാക്കൾ.' അതുപോലെ അല്ലാഹുവും റസൂലും പരിചയപ്പെടുത്താത്ത, സ്വഹാബിമാർക്കോ താബിഉകൾക്കോ ഇമാമീങ്ങൾക്കോ പരിചയമില്ലാത്ത കുറെ മലക്കുകളെയും പരിചയപ്പെടുത്തുന്നുണ്ട്. എവിടെ നിന്നാണ് ഇവർക്ക് ഇത് ലഭിച്ചത് എന്ന് അറിയില്ല. പിശാചുക്കൾ കൊടുക്കുന്ന ബോധനം എന്നല്ലാതെ എന്ത് പറയാൻ! ഇവരൊക്കെയാണ് പോലും ലോകം നിയന്ത്രിക്കുന്നത്. അവർക്ക് മറഞ്ഞ കാര്യങ്ങൾ അറിയാൻ കഴിയും എന്നാണ് ഇവർ വാദിക്കുന്നത്.

അല്ലാഹുവിന്റെ പ്രവാചകന്മാർക്ക് പോലും മറഞ്ഞ കാര്യങ്ങൾ അറിയാനുള്ള കഴിവില്ല. അല്ലാഹു വല്ലതും അറിയിച്ച് കൊടുക്കുന്നത് മാത്രമെ അവർ അറിയുകയുള്ളൂ. അല്ലാഹു അവന്റെ ദൂതന്മാർക്കല്ലാതെ ഗൈബ് അറിയിക്കുകയുമില്ല. അല്ലാഹു പറയുന്നു:

"അവൻ അദൃശ്യം അറിയുന്നവനാണ്. എന്നാൽ അവൻ തന്റെ അദൃശ്യജ്ഞാനം യാതൊരാൾക്കും വെളിപ്പെടുത്തി കൊടുക്കുകയില്ല; അവൻ തൃപ്തിപ്പെട്ട വല്ല ദൂതന്നുമല്ലാതെ" (ക്വുർആൻ 72:26,27).(അവസാനിച്ചു).

**(അടുത്ത ലക്കം മുതൽ സകരിയ്യാ നബി(അ)യുടെ ചരിത്രം)**

പി.എൻ. അബ്ദുല്ലത്വീഫ് മദനി
pnmadani@gmail.com

നമുക്ക് ചുറ്റും



# സഅ്സഅത്ബ്നു നാജിയയുടെ കഥ; മനുഷ്യത്വത്തിന്റെയും

ഒരാൾ തകൃതിയായി ഭൂമിയിൽ കുഴിയെടുക്കുകയാണ്. തൊട്ടടുത്ത് മുലകുടിപ്രായത്തിലുള്ള ഒരു കുഞ്ഞ് പിടഞ്ഞു കരയുന്നു. കുറച്ചകലെ ഒരു സ്ത്രീ കരഞ്ഞുകൊണ്ടിരിക്കുന്നു. ഈ സങ്കടരംഗത്തേക്ക് വഴിപോക്കനായിരുന്ന സഅ്സഅത്ബ്നു നാജിയ കടന്നുവന്നു. കരഞ്ഞുകൊണ്ടു നിൽക്കുന്ന സ്ത്രീയോട് അദ്ദേഹം കാര്യം തിരക്കുന്നു. തകൃതിയിൽ കുഴിയെടുക്കുന്ന പുരുഷനെ ചൂണ്ടി 'എന്റെ ഭർത്താവ് പട്ടിണി പേടിച്ചു എന്റെ പെൺകുഞ്ഞിനെ കുഴിയിലിട്ടു മൂടാൻ പോവുകയാണ്' -സ്ത്രീയുടെ വിലാപം!

ഇതു കേട്ട സഅ്സഅത് ആശ്ചര്യത്തോടെ പറഞ്ഞു: 'ആ കുഞ്ഞിനെ വെറുതെ വിട്ട് പകരം എന്നെ ആ കുഴിയിലിട്ട് മൂടുക. അതാണു എനിക്കേറ്റവും സഹനീയം.'

സഅ്സഅത് കുഞ്ഞിന്റെ പിതാവിന്നടുത്തെത്തി. അന്നേരം ആ മനുഷ്യൻ പറഞ്ഞു: 'അവൾക്ക് ആഹാരം കൊടുക്കാൻ എന്റെ കൈവശമൊന്നുമില്ല. ഒരു ആൺകുട്ടിയായിരുന്നുവെങ്കിൽ അവന്റെ ഓരം ചാരി എനിക്ക് ജീവിതത്തിൽ കരുത്താർജിക്കാമായിരുന്നു.'

ഉടനെ സഅ്സഅത് ഇടപെട്ടു. ഒരു ആണൊട്ടകത്തെയും രണ്ടു പെണ്ണൊട്ടകങ്ങളെയും നൽകി ആ പെൺകുട്ടിയെ മോചിപ്പിച്ചു. ഇത്തരത്തിൽ ഏകദേശം 300 ഓളം പെൺകുഞ്ഞുങ്ങളെ തന്റെ ജീവിതകാലത്ത് മരണക്കുഴിയിൽ നിന്ന് അദ്ദേഹം പുറത്തെടുത്തിട്ടുണ്ട്. അങ്ങനെ 'ജീവനോടെ കുഴിച്ചു മൂടപ്പെടുന്ന പെൺകുട്ടികളുടെ മോചകൻ' എന്ന പേര് അദ്ദേഹത്തിന് ലഭിച്ചു.

ഈ മാനുഷിക വിനിമയത്തിൽ അദ്ദേഹത്തിന്റെ സമ്പത്തെല്ലാം തീർന്നു പോയി, അദ്ദേഹം പാപ്പരായി. ഈയിടക്കാണ് പ്രവാചക നിയോഗത്തിന്റെ കാഹളം മുഴങ്ങുന്നത്. അദ്ദേഹം പ്രവാചക സന്നിധിയിലെത്തി ഇസ്‌ലാം മതം സ്വീകരിച്ചു. തുടർന്നുള്ള നാളുകളിൽ പ്രവാചകനെ ഒട്ടിച്ചേർന്നു നിന്ന് ഒരു കർമഭടനായി സഅ്സഅത് നിലയുറപ്പിച്ചു.

അദ്ദേഹത്തിന്റെ പൗത്രനാണ് പ്രസിദ്ധ ഇസ്‌ലാമികകാല കവി 'ഫറസ്ദക്.' പിതാമഹന്റെ അഭിധാനം പാടിപ്പുകഴ്ത്തുന്ന കവിതകൾ അദ്ദേഹത്തിന്റെതായിട്ടുണ്ട്.




WISDOM
GLOBAL ISLAMIC MISSION

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...



നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

# നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO: KL/CT/225/2019-21
Nerpatham Weekly
Published on 02 Feb 2019
Licensed to post without prepayment: No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

